


karma
2017 – 2018
WHAT GOES AROUND COMES BACK AROUND...
കലാലയ മാഗസിൻ 2017–2018 ന്യൂമാൻ കോളേജ്, തൊടുപുഴ

## നിത്യമാം പ്രകാശമേ...

നിത്യമാം പ്രകാശമേ നയിക്കുകെന്നെ നീ
ചുറ്റിലും ഇരുൾ പരന്നീടുന്ന വേളയിൽ
അന്ധകാരപൂർണ്ണമായ രാത്രിയാണുപോൽ
എൻ ഗൃഹത്തിൽ നിന്നും ഏറെ ദൂരയാണു ഞാൻ
നീ നയിക്കുക! സാദരം വിഭോ!
നിൻ പ്രകാശധാര തൂകി
നീ നയിക്കുക! നീ നയിക്കുക!
ഏറെ ദുരെയുള്ള നല്ല കാഴ്ച കാണുവാൻ
അല്ല എന്റെ അർത്ഥനകൾ നിൻ വരത്തിനായ്
എന്റെ പാദമൊന്നു നീ നയിക്കിലെത്രയും
എന്റെ മാർഗ്ഗദീപമേ എനിക്കു തൃപ്തിയായ്
നീ നയിക്കുക! സാദരം വിഭോ!
നിൻ പ്രകാശധാര തൂകി
നീ നയിക്കുക! നീ നയിക്കുക!



## Our Heavenly Patron



John Henry Cardinal Newman

## Our Patron



**Mar .George Madathikandathil**

## Our Manager



**Rev. Msgr. Dr. Cherian Kanjirakompil**

# Our Principal



## Rev. Dr. Vincent Nedungattu

*'Great leaders don't set out to be a leader.*
*They setout to make difference.*
*Its never about the role always about the goal'*

## Vice Pricipal



*If your actions inspire others to dream, learn more, do more and become more, you are a leader*

ev. Dr. Manuel Pichalakkattu

## Our Bursar

*A leader is one who knows the way, goes the way and shows the way*



Rev. Fr. Thomas Poovathinkal

# Adieu



Smt. Leena M.S.
Dept. Of Botany



Smt. Lally Thomas
Dept. Of Hindi



Sri. Jose Kollapparambil
Dept. English



Sr. Mary Abraham
Office Staff

# UNION CABINET 2017-18

CHAIRMAN



DIYON KURIAKOSE

UNION ADVISOR



Prof. K.P. BENNY

Vice Chairpaerson



DEVI R.CHANDRAN

Gen.Secretary



ARAVIND A.S.

UUC



ASWIN BABU

UUC



JISHNU SHAJAN

Arts Club Secretary



TOMIN P. JOHN

Magazine Editor



REXYMOL MATHEW

Sports Club Secretary



LISS MOL JOSY

Lady Representative



BISMI SHUKOOR

Lady Representative



ARUNIMA BYJU

3rd DC Representative



KRISHNA HARIDAS

2nd DC Representative



CHANDANA MOHAN

1st DC Representative



ROJAR KUNCHERIA

P.G.Representative



ASHIL

# Editorial Board

## STAFF EDITORS



Rev. Dr. Manuel Pichalakkattu



Dr. Bijimol Thomas



Smt. Lally Thomas

## Chief Editor



Rexymol Mathew

## Sub Editors



Jineesh O.S.



Prince Lukose



Amal Sudhakaran



Tomin Joy

# Editorial

ആധുനികതയുടെ യുക്തി ബോധം
രൂപീകരിക്കുന്നതിൽ പ്രധാന ഉപകരണമായി
മാറിയത് അച്ചടി മാധ്യമങ്ങൾ ആയിരുന്നു.
ഇങ്ങനെ ആധുനികതയുടെ ബോധ്യങ്ങളുമായി
തനിക്കു ചുറ്റുമുള്ള സമൂഹത്തോട് വിദ്യാർത്ഥി
എങ്ങനെ പ്രതികരിക്കുന്നു എന്നതിന്റെ
ഒരു രേഖയായി കോളേജ് മാഗസിനുകളെ
നമുക്ക് പരിഗണിക്കാം.
വിദ്യാർത്ഥികളിൽ അന്തർലീനമായിരിക്കുന്ന
രചന വാസനകളെ പൊടി തട്ടിയെടുക്കുകയും
ക്യാമ്പസുകളിലെ മറക്കാനാവാത്ത
ഓർമ്മകളെ ഒപ്പിയെടുക്കുകയുമാണ് മാഗസിൻ ചെയ്യുന്നത്.
ഈ ലക്ഷ്യം സ്വപ്നം കണ്ട
ഒരു കൂട്ടം വിദ്യാർത്ഥികളുടെ ആവിഷ്കാരം ആയ
"ഓർമ്മ 207-18"
നിങ്ങൾക്ക് മുന്നിൽ ഹൃദയപൂർവ്വം സമർപ്പിക്കുന്നു...


എന്ന്
സ്നേഹത്തോടെ...

റെക്സി മോൾ മാത്യു
എഡിറ്റർ


# ഉള്ളടക്കം


ദൃശ്യ മാധ്യമങ്ങളും വായനാ ശീലവും ........ 1
വിചിത്ര ഭാവങ്ങൾ ........ 2
മീര ........ 3
ദാഹിക്കുന്നു താഡനത്തിനായി ........ 4
ഏത് സമയം ആണ് ഒരു പെൺകുട്ടിക്ക് അസമയം? ........ 5
എന്നെയാണെനിക്കിഷ്ടം ........ 6
For You Dear Aylan Kurdi ........ 7
യന്ത്രഭാഷ ........ 8
ഗൗരി ........ 10
ഗുരുദക്ഷിണ ........ 12
സെല്ലുകൾ ........ 13
കേരളം ഒരു ഉപഭോക്തൃ സംസ്ഥാനം ........ 14
ഒരു സങ്കീർത്തനം പോലെ പെരുമ്പടവം ശ്രീധരൻ ........ 16
മലയാള സിനിമയുടെ ത്രികാലങ്ങൾ ........ 18
ആദ്യവിദ്യാലയം ........ 20
Bluewhale and Addictions ........ 21
History of GST in India ........ 22
പ്രണയം ........ 24
ज़िन्दगी ........ 25
Perfect in Life ........ 25
Bloody Films & Filmy Looks ........ 26
സിഗരറ്റ് ........ 28
[illegible] ........ 29
Jamie ........ 30
കാൽപ്പാടുകൾ ........ 33
Trust With a Never Ending Sleep ........ 36
അഭയാർത്ഥികൾ ........ 38
Why is HOPE so important? ........ 40
SUCCESS IS OURS ........ 41
The age of kill fics ........ 42
തോൽക്കാനോ മനസ്സില്ല കൗസല്യക്ക് ........ 43
तु लडकी है ........ 45
നിശ്ചയദാർഢ്യത്തോടെ ........ 46







അജിത്ത് ബിജു
II M.Com

# ദൃശ്യ മാധ്യങ്ങളും വായനാ ശീലവും

*പുസ്തകങ്ങൾ ചങ്ങാതിമാരെ പോലെയാണ് ചങ്ങാതി നന്നായാൽ കണ്ണാടി വേണ്ടെന്നാണ് ചൊല്ല്.*

കരാദിവ ശരീരസ്യ
നേത്രയോരിവ ലക്ഷ്മണ
അപ്രേക്ഷിത ഹിതൈഷിത്വ
മേത്ത് സന്മിത്ര ലക്ഷണം

എന്നാണ് നല്ല മിത്രത്തിന് നൽകുന്ന ലക്ഷണം. ശരീരത്തെ എപ്രകാരമാണ് കരം സഹായിക്കുന്നത്?. നേത്രങ്ങളെ കൺപീലിയും കൺപോളകളും എങ്ങിനെയാണ് പരിരക്ഷിക്കുന്നത്?. അതുപോലെ പുസ്തകങ്ങൾ നമ്മെ സഹായിക്കുന്നു. വായിക്കുക വളരുക എന്ന ഗ്രന്ഥസംഘത്തിന്റെ മുദ്രാവാക്യം അർത്ഥവത്താണ്. ഒരു വ്യക്തി നേടുന്ന വിദ്യാഭ്യാസത്തിന്റെ കാൽഭാഗം മാത്രം ഔപചാരിക വിദ്യാഭ്യാസത്തിലൂടെ നേടുന്നു. മനസ്സിന്റെ ശക്തിക്കും ആരോഗ്യത്തിനും നല്ല പുസ്തകങ്ങൾ സഹായിക്കും. എന്നാൽ ദൃശ്യശ്രാവ്യമാധ്യമങ്ങളുടെ കടന്നു വരവിലൂടെ നമ്മുടെ വായന ശീലത്തിന് വളരെ വലിയ അപചയമാണ് സംഭവിച്ചിരിക്കുന്നത്. കുട്ടികളും മുതിർന്നവരും ഒരു പോലെ ഇന്ന് പുസ്തകങ്ങളുടെ കൂട് വിട്ട് ദൃശ്യമാധ്യമങ്ങളുടെ രസക്കൂട്ടുകളിൽ മയങ്ങിയിരിക്കുകയാണ്. ദൃശ്യമാധ്യമങ്ങൾ വായന ശീലത്തിന്റെ വികാസത്തെ എങ്ങനെ ബന്ധിപ്പിക്കുമെന്ന് വിശകലനം ചെയ്യേണ്ടിയിരിക്കുന്നു. പുസ്തകം നമ്മുടെ അടുത്ത സുഹൃത്തെന്ന് പറയുന്നതിന് കാരണങ്ങൾ അനവധിയാണ്. ആവശ്യത്തിന് ഉതകുന്ന കൂട്ടുകാരനാണ് യഥാർത്ഥ കൂട്ടുകാരൻ. എത്ര ആത്മ മിത്രമായാലും അയാൾ ആപത് ഘട്ടത്തിൽ അടുത്ത് ഉണ്ടായെന്ന് വരില്ല. എന്നാൽ, ഇതിനുപരി പുസ്തക സുഹൃത്ത് കാലദേശാതീതമായി വർദ്ധിക്കുന്നു. വിനോദം, വിജ്ഞാനം, ആപത്ത്രാണനം, മാർഗ്ഗദർശി, അഭ്യുദയകാംക്ഷി എന്നിങ്ങനെ നമുക്ക് ആത്മമിത്രമായി തീരുന്നു. ഒരു നല്ല പുസ്തകം ഒരുവനെ സമ്പൂർണ്ണ മനുഷ്യനാക്കുന്നു.

> "ശരീരത്തെ എപ്രകാരമാണ് കരം സഹായിക്കുന്നത്?. നേത്രങ്ങളെ കൺപീലിയും കൺപോളകളും എങ്ങിനെയാണ് പരിരക്ഷിക്കുന്നത്?. അതുപോലെ പുസ്തകങ്ങൾ നമ്മെ സഹായിക്കുന്നു. വായിക്കുക വളരുക എന്ന ഗ്രന്ഥസംഘത്തിന്റെ മുദ്രാവാക്യം അർത്ഥവത്താണ്. ഒരു വ്യക്തി നേടുന്ന വിദ്യാഭ്യാസത്തിന്റെ കാൽഭാഗം മാത്രം ഔപചാരിക വിദ്യാഭ്യാസത്തിലൂടെ നേടുന്നു. മനസ്സിന്റെ ശക്തിക്കും ആരോഗ്യത്തിനും നല്ല പുസ്തകങ്ങൾ സഹായിക്കും."

ഗ്രന്ഥശാലകൾ സാമൂഹിക ജീവിതത്തിൽ നമ്മെ വിജ്ഞാനിപ്പിക്കുന്ന വിലപ്പെട്ട യൂണിവേഴ്സിറ്റികളാണ് അറിവിന്റെ ആഴവും പരപ്പും ഒരുമിപ്പിച്ച് അവ നമ്മെ പുതുലോകത്തിലേക്ക് നയിക്കുന്നു. സഹൃദയന്റെ സഹായം തേടി ഗ്രന്ഥശാലയെ സമീപിക്കുന്നവൻ മടങ്ങുന്നത് കുചേലനായിട്ടാവില്ല. മറിച്ച് കുബേരനായിട്ടായിരിക്കും. കുചേലന്റെ ദ്വാരകാ സന്ദർശ

നത്തിലും ഈ വിജ്ഞാന സമ്പത്തിന്റെ സമാർജ്ജനാരവം ദശരഥൻ പ്രതീകാത്മകമായി സൂചിപ്പിക്കുന്നത്. ലോക വിജ്ഞാനത്തിന്റെ സാഗര വിസ്തൃതി ഹൃദയപാത്രത്തിൽ ശേഖരിക്കുവാൻ ഗ്രന്ഥശാലകൾ പര്യാപ്തമാണ്. ഒരു ഗ്രന്ഥശാല നല്ല സർവ്വകലാശാലയാണെന്ന് കാർലൈൻ അഭിപ്രായപ്പെട്ടിട്ടുണ്ട്. നാടിന്റെ സാംസ്കാരിക നവോത്ഥാനത്തിന് നേതൃത്വം കൊടുക്കുക, ഊർജ്ജം പകരുക, ഫലപ്രാപ്തിയുണ്ടാകുക എന്നീ പ്രവർത്തനങ്ങൾ ഗ്രന്ഥശാല പ്രസ്ഥാനം കാരണമാകുന്നു. നിരക്ഷരത നിർമാർജ്ജനം ഗ്രന്ഥശാലയുടെ ശ്രേഷ്ഠമായ മറ്റൊരു പ്രവർത്തന പദ്ധതിയാണ്. സംസ്കാരത്തിന്റെ സഞ്ചിത നിക്ഷേപങ്ങളാണ് ഗ്രന്ഥശാലകൾ. മാത്രമല്ല സംസ്കാരത്തെ വിനിമയം ചെയ്യുകയും പരിപ്രവർത്തനമുഖമാക്കുകയും വികാസത്തിൽ എത്തിക്കുകയും ചെയ്യാൻ ലൈബ്രറികൾ പ്രതിജ്ഞാബദ്ധമാണ്.

ഒരു മഞ്ഞു തുള്ളിയിൽ സൂര്യൻ പ്രതിബിംബിക്കുന്നതുപോലെ, ഒരു ഇലക്ട്രോണിക് കണത്തിൽ പ്രപഞ്ചം ഇരുന്ന് പ്രതിഫലിക്കുന്നു. ഈ മാറ്റമാണ് വായനയിൽ നിന്ന് നമ്മെ അകറ്റിയത്. കാലദേശവർത്തിയായ അറിവിനെ സ്വാംശീകരിക്കുവാൻ പുസ്തകങ്ങളേക്കാൾ മികവ് ദൃശ്യമാധ്യമങ്ങൾക്കും വിവര സാങ്കേതിക വിദ്യക്കും ആണെന്നുള്ളത് ഒരു വസ്തുതയാണ്. എന്നാൽ സ്വാർത്ഥമതികളും വ്യവസായ കണ്ണുള്ളവരും ഇതിനെ ചൂഷണം ചെയ്ത് ഇളംതലമുറയെ വഴി തെറ്റിക്കാൻ ശ്രമിക്കുന്നു. അതിനാൽ ദൃശ്യമാധ്യമങ്ങളുടെ വളർച്ചയിലും ധാർമ്മികതയിലുമുള്ള ബോധം ഉയർത്തണം. ആരുടെയും കവർച്ചയുടെയും കച്ചവടത്തിന്റെയും കണ്ണ് ഇവിടേയ്ക്ക് കടന്നു വരരുത്.

വിദ്യാഭ്യാസ പരിഷ്കരണത്തിലും നിർവ്വഹണത്തിനും ബുദ്ധിയും ധനവും മുടക്കുന്ന നമ്മൾ ഗ്രന്ഥശാലയുടെ അക്ഷയ സ്രോതസ്സുകളുടെ സാധ്യത പരിഗണിക്കാതെ പോകുന്നത് വളരെയേറെ ദോഷം ചെയ്യും. പുതിയ തലമുറകൾ വായനാശീലത്തിലേയ്ക്ക് കടന്ന് വരാത്തത് കനത്ത വെല്ലുവിളിയാണ്. ആധുനിക ദൃശ്യമാധ്യമങ്ങളും, ജീവിതത്തിരക്കിനുമിടയിലുള്ള പരിമിതിയൊക്കെ ഇതിന് കാരണങ്ങളാണ്. ഭാവി രാഷ്ട്രം രൂപം കൊള്ളുന്നത് ഗ്രന്ഥശാലയുടെ ഹൃദയങ്ങളിൽ നിന്നാണ്. ഹൃദയം അവികലമായേ മതിയാകൂ...

# വിചിത്ര ഭാവങ്ങൾ



ആരതി ദിവാകരൻ
II B.Com




തുടരെയന്തിനീ കൊടിയ മർദനം
ചെവിയിൽ കഠിനമാം കിരാത ഭാഷണം.
മുതികിലേറ്റിയ മുഴുവൻ ഭാരവും
മുറുമുറുക്കാതെ വലിക്കുന്നുണ്ടു ഞാൻ
ഇടറിയ കൈകാൽ കുഴഞ്ഞു, വീഥിതൻ
കഠിനതാപത്തെയുടലിൽ വാങ്ങിയും
നടന്നു നീങ്ങവെ ഇടയ്ക്കൊരുത്തിരി
തണൽ വിരിപ്പതു തടയുന്നു നിങ്ങൾ
വരണ്ട ചങ്കിലെ കൊടും തണുപ്പിൽ നീ
നുരയും രോദനവും മുറിഞ്ഞ ഗദ്ഗദം
കരളിലേക്കെത്താതിരിക്കാനോ നിങ്ങൾ
കാതുകൾ പൊത്തിതിരിഞ്ഞു നിൽക്കുന്നു
കഴുത്തിൽ മിന്നുന്ന മണികൾ കെട്ടിയ
കരുത്തരെത്രയോ തൊഴുത്തിൽ നിന്നിട്ടും
കയറ്റി വെച്ചെന്റെ മുതികിൽ മാത്രമീ
വിചിത്രഭാരത്തിൽ വഴിപ്പുഭാണ്ഡങ്ങൾ.







ജോൺസൺ ആന്റണി
II B.Com



# മീര

മഞ്ഞ മന്ദാരപ്പൂക്കൾ വിരിഞ്ഞ് നിൽക്കുന്ന രാജവീഥിയിലൂടെ മുത്തുകൾ പോലെ പൊഴിഞ്ഞ് വീഴുന്ന മഞ്ഞുകണങ്ങൾക്കിടയിലൂടെ വെളുത്ത ഫ്രോക്ക് ധരിച്ച് ഒരു മാലാഖയെ പോലെ ഒരു കള്ളച്ചിരി അവന്റെ നേർക്കെറിഞ്ഞ് അവൾ മൂടൽ മഞ്ഞിനിടയിലേയ്ക്ക് ഓടി മറഞ്ഞു.

മീരാ... എന്ന് ഉറക്കെ വിളിച്ചു കൊണ്ട് അവൻ ചുറ്റും തിരിഞ്ഞു നോക്കി.

എന്തുപറ്റി എന്തിനാ നിലവിളിക്കുന്നത്. അടുക്കളയിൽ നിന്നും അവന്റെ ഭാര്യ ഓടിയെത്തി. ആവശ്യമില്ലാത്തതൊക്കെ ആലോചിച്ചു കിടന്നിട്ടല്ലെ സ്വപ്നങ്ങൾ കാണുന്നത്. അവൾ പറഞ്ഞു. ഇന്നാ ഉണ്ണിയേട്ടന്റെ കോളേജിലെ ഗെറ്റ്ടുഗെതർ അടുക്കളയിലേക്ക് തിരിച്ചു പോകും വഴി അവൾ പറഞ്ഞു.

ശരിയാണ് ഇന്നാണ് ആ ദിവസം. പോകണം ആ ഓർമ്മകളിൽ കൂടി ഒന്നു നടക്കണം.

പ്രിയ നീയും പോന്നോളു.

കോളേജിൽ കാലു കുത്തിയപ്പോൾ അവന്റെ മനസ്സ് തെല്ലൊന്നു പിടഞ്ഞു. വളരെ കാര്യങ്ങൾ മനസ്സിലൂടെ കടന്നു പോയി. ഇന്നെന്റെ കൂടെ പ്രിയയുടെ സ്ഥാനത്ത് മീരയല്ലേ ഉണ്ടാകേണ്ടിയിരുന്നത് എന്ന് അവൻ ഓർത്തുപോയി.

മീറ്റിംഗ് കഴിഞ്ഞ് എല്ലാവരെയും കണ്ടു

സംസാരിച്ചു. എല്ലാവർക്കും സന്തോഷം എന്നാൽ അവനു മാത്രം സന്തോഷിക്കാൻ കഴിഞ്ഞില്ല.


അവൻ പറഞ്ഞു. പ്രിയ നീയിവിടെ നിന്നോളു ഞാനിപ്പോൾ വരാം.

ഒരു കാലത്ത് സ്വന്തമായിരുന്ന ആ ക്ലാസ് മുറിയിലേക്കായിരുന്നു അവൻ പോയത്. പിച്ചകപ്പൂക്കളുടെ സുഗന്ധം. പിച്ചകപ്പൂക്കൾ അവൾക്ക് വളരെ ഇഷ്ടമായിരുന്നു. അതെ അവളിവിടെ ഉണ്ട്. എന്റെ മീര... എന്റെ എല്ലാമെല്ലാമായ മീര.

ഈ കോളേജിലെ ഓരോ പുൽക്കൊടിത്തുമ്പിനു പോലും അറിയാമായിരുന്നു എന്റെ മീരയെ. ഞങ്ങളുടെ പ്രണയത്തെ. ഒരിക്കൽ എന്നെ പിണക്കാതിരിക്കാൻ വേണ്ടി മാത്രം വീട്ടുകാരോട് കള്ളം പറഞ്ഞ് അവൾ എന്റെ കൂടെ വന്നു. തിരിച്ച് ബൈക്കിന് പോരുമ്പോഴും അവൾ എന്നോട് വേഗം കുറയ്ക്കാൻ പറഞ്ഞു. പക്ഷെ ഞാൻ കേട്ടില്ല. ഒരു ലോറി എതിരെ വന്നതുമാത്രം ഓർമ്മയുണ്ട്. പിന്നെ കാണുന്നത് വെള്ളത്തുണിയിൽ പൊതിഞ്ഞ അവളുടെ ശരീരമാണി. കതിർമണ്ഡപത്തിൽ എന്റെ വധുവായി ഇരിക്കേണ്ട മീര.

പിച്ചകപ്പൂക്കളുടെ സുഗന്ധത്തിൽ അവൻ സ്വയം മറന്നിരിക്കുമ്പോൾ പെട്ടന്നൊരു തണുത്ത കൈ അവന്റെ ചുമലിൽ പതിഞ്ഞു. ഒരു ഞെട്ടലോടെ അവൻ തിരിഞ്ഞു നോക്കി. പ്രിയ സാരിത്തുമ്പു കൊണ്ട് അവന്റെ കണ്ണുകൾ തുടച്ചു കൊണ്ട് പറഞ്ഞു. പോകാം എല്ലാവരും പോയി.

പ്രിയയുടെ കയ്യും പിടിച്ച് അവിടെ നിന്നും നടന്നകലുന്നതിനിടയിൽ തിരിഞ്ഞു നോക്കിയപ്പോൾ അവൻ കണ്ടു. മരത്തടികൊണ്ടുണ്ടാക്കിയ വാതിലിനു മുകളിൽ കല്ലു കൊണ്ട് അന്ന് അവൾ കൊത്തിവെച്ചത്. മീരാ ഉണ്ണിക്കൃഷ്ണൻ.



# ദാഹിക്കുന്നു താഡനത്തിനായി




**ജിൻഷ ജയൻ**
II B.A. Malayalam

എന്തിനായി ക്രൂരാ നീയാ
സുന്ദരിയാം പെൺകൊടിയെ
എന്തിനു വേണ്ടി നീ വലിച്ചു കീറി
പോയതോ അവൾ തൻ ചാരിത്രവും
ആത്മവും സ്ത്രീത്വവും
നിനക്കെന്തു കിട്ടി ലാഭമായി
ഇനിയെങ്കിലും സോദരാ നിൻ
കുലം ക്രൂരത വെടിയേണം
പിന്നെയോ നേടാം ശുദ്ധമായൊരു
ഹൃദയവും മനസ്സും നന്മയോടുള്ള
താൽപര്യവും ജീവിതം സുന്ദരവുമാക്കു
കാണു നിങ്ങൾ സ്ത്രീകളെ സ്വന്തമായി
അമ്മയായി... മകളായി.... സോദരിയായി...
കൊടുക്കു അവൾ തൻ കുലത്തിനു
നിങ്ങൾ താഡനം അതിനായിട്ടവൾ ദാഹിക്കുന്നു.
ഇരുട്ടിന്റെ മറവിൽ പീഡനം നൽകാതെ
താഡനത്തിന്റെ സ്വാന്തനത്തിന്റെ
ഇരുകൈകളാൽ അവളെ പുതിയൊരു
ജീവിതത്തിലേക്കാനയിക്കൂ സോദരാ...










**ഡോണ ജോർജ്**
II BSc Physics

# ഏത് സമയം ആണ് ഒരു പെൺകുട്ടിക്ക് അസമയം?

2018 ജനുവരി 12ന് സംവിധായകൻ ഡിജോ ജോസ് പുതുമുഖങ്ങളെ താരങ്ങളാക്കി ക്യാമ്പസ് പശ്ചാത്തലത്തിൽ അണിയിച്ചൊരുക്കിയ ചിത്രമാണ് ക്വീൻ. പല മലയാള സിനിമകൾ ഈ ഇടക്ക് റിലീസാകുകയും വളരെ നല്ല രീതിയിൽ ജനങ്ങളുടെ കയ്യടിമേടിച്ച് ഓടുകയും ചെയ്ത നിരവധി ചിത്രങ്ങൾ ഉണ്ട്. എന്നാലും ക്വീൻ എന്ന ഈ ചിത്രം എന്നെയും എന്റെ സുഹൃത്തിനെയും ഒരുപാട് ചിന്തിപ്പിച്ചു. അങ്ങനെ ഞാൻ ഈ ചിത്രത്തെക്കുറിച്ച് എഴുതാൻ തീരുമാനിച്ചു.

വളരെ ചുരുക്കി സിനിമയെക്കുറിച്ച് പറയുകയാണെങ്കിൽ ഇത്രമാത്രം നല്ലൊരു സന്ദേശത്തിലൂടെ സമൂഹത്തെ ചിന്തിപ്പിച്ച ശുദ്ധമായ ഒരു ചലച്ചിത്രം. വെറുമൊരു ക്യാമ്പസ് ചിത്രമായി നമുക്കിതിനെ തള്ളിക്കളയാനാകില്ല. അതിനപ്പുറം കലാലയ ജീവിതവും സുഹൃത് ബന്ധത്തിന്റെ ആഴവും ഒരു വ്യക്തിയുടെ ജീവിതത്തെ എത്രത്തോളം സ്വാധീനിക്കുന്നുണ്ടെന്ന് ഈ സിനിമ വ്യക്തമാക്കുന്നു.

നവാഗതർ ഒരുക്കിയ വെറുമൊരു അമേച്ചർ മൂവി അല്ല, കൂടാതെ മലയാളികളുടെ കപട സദാചാര ബോധത്തെയും ഇന്ത്യൻ നീതിന്യായ വ്യവസ്ഥയെയും സിനിമ പരിസഹിക്കുന്നുണ്ട്. തീയറ്ററിൽ കയറി ഓരോ വ്യക്തിയെയും അവർ മറന്നു പോയ അല്ലെങ്കിൽ മനപൂർവ്വം തള്ളിക്കളഞ്ഞ ഉത്തരവാദിത്വത്തെ സിനിമയിലൂടെ ഓർമ്മിപ്പിക്കുകയാണ് സംവിധായകൻ ചെയ്തിരിക്കുന്നത്.

മനുഷ്യന്റെ സംസ്കാരം എന്നു പറഞ്ഞാൽ അത് അവന്റെ ഭാഷയോ വേഷമോ ജാതിയോ മതമോ ഒന്നുമല്ല. അതിലുപരി അന്യരോടുള്ള അവന്റെ കരുണയും സ്നേഹവുമാണെന്ന് ഈ ചലച്ചിത്രം ഓരോ പ്രേക്ഷകനെയും ഓർമ്മിപ്പിക്കുന്നു.

ഇന്ന് നമ്മുടെ ചുറ്റുപാടും കാണുന്ന സ്ത്രീകൾക്ക് നേരെയുള്ള ക്രൂരതയെ പറ്റി ചോദ്യം ചെയ്യുകയാണ് ഈ സിനിമ. സത്യത്തിൽ സ്ത്രീകൾക്ക് എതിരെയുള്ള ചൂഷണങ്ങൾക്ക് അവൾ മാത്രമാണോ കുറ്റക്കാരി?

സമൂഹത്തിന്റെ കാഴ്ചപ്പാടുകളാണ് മാറേണ്ടത്. ആൺകുട്ടിയും പെൺകുട്ടിയും ഒരുമിച്ച് നടന്നാലോ സംസാരിച്ചാലോ അത് തെറ്റായി കരുതുന്ന സമൂഹത്തിന്റെ ഇന്നത്തെ വ്യവസ്ഥിതിയെ സിനിമയിലൂടെ ചോദ്യം ചെയ്യുകയാണ് സംവിധായകൻ.

എന്താണ് സത്യത്തിൽ സ്വാതന്ത്ര്യം.? അത് സ്ത്രീകൾക്കും പുരുഷൻമാർക്കും ഒരുപോലെ ലഭിക്കുന്നുണ്ടോ?. എന്തുകൊണ്ട് സ്ത്രീകൾക്ക് തുല്യസ്വാതന്ത്ര്യം ലഭിക്കുന്നില്ല?. ഇന്ത്യൻ ഭരണഘടനയിൽ മാത്രം കാണപ്പെടേണ്ട ഒരു നിയമം മാത്രമാണോ സ്ത്രീസ്വാതന്ത്ര്യം. ഈ ചോദ്യങ്ങൾക്കൊക്കെ ഉത്തരം കണ്ടെത്താൻ ശ്രമിക്കുകയാണ് ഈ ചിത്രം.

അടിക്കടി നടത്തുന്ന അനാവശ്യ മാധ്യമവേട്ടയും ഹർത്താലുകളെയും സിനിമ എതിർക്കുന്നു. യുവതലമുറയുടെ അലസതയല്ല, മറിച്ച് യുവത്വത്തിന്റെ ധർമ്മ ബോധത്തെയാണ് സിനിമ വരച്ചു കാട്ടുന്നത്. സിനിമ അവസാനിക്കുന്നത് സമൂഹത്തോട് നിരധി ചോദ്യങ്ങൾ ഉന്നയിച്ചു കൊണ്ടാണ്.

സ്വാർത്ഥത സമൂഹത്തിന്റെ നീതിന്യായ വ്യവസ്ഥയുടെയും കണ്ണ് മൂടികെട്ടിയിരിക്കുകയാണ്. അവരുടെ കണ്ണുകളിൽ ഇന്നും ഇരുട്ടാണ്. എന്നാണോ അവർ കണ്ണു തുറന്ന് പ്രകാശം കാണുന്നത് അന്ന് സ്ത്രീയെ നിനക്ക് സ്വാതന്ത്ര്യം.

Every girl has a dream
Every girl is a queen



Shriya Razak
III BSc Physics

# എന്നെയാണെനിക്കിഷ്ടം

മൂന്ന് വർഷങ്ങൾക്ക് മുൻപ് 2013 ൽ ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റി തിരഞ്ഞെടുത്തപദമാണ് സെൽഫി. 1893 അമേരിക്കൻ ഫോട്ടോഗ്രാഫർ Robar Kornaluis തന്റെ തന്നെ ഫോട്ടോ സ്വന്തം ക്യാമറയിൽ പകർത്തിയപ്പോൾ അത് ലോകത്തെ മാറ്റി മറിക്കാൻ കഴിവുള്ള ഒരു പുതിയ കണ്ടുപിടുത്തം ആണെന്ന് കരുതിയിട്ടുണ്ടാവില്ല. ന്യൂ ജനറേഷന്റെ പദമായിരുന്നു സെൽഫി എങ്കിൽ ഇന്ന് അത് മധ്യവസ്കരിലേയ്ക്കും വൃദ്ധരിലേക്കും വരെ വ്യാപിച്ചിരിക്കുന്നു. നമ്മളെ കണ്ടല്ലേ മുതിർന്നവർ പഠിക്കുന്നത് എന്ന് ന്യൂജനറേഷൻ അടക്കം പറയുന്നു. രണ്ടായിരത്തിന് ശേഷം ഇങ്ങോട്ട് ഒരു സെൽഫി വിപ്ലവം തന്നെ ഉടലെടുക്കുകയായിരുന്നു. കഴിഞ്ഞ കാലത്തെക്കുറിച്ചുള്ള ഓർമ്മകൾ നിറം മങ്ങാതെ കാത്തുസൂക്ഷിക്കുവാൻ ഓരോ നിമിഷവും ഓർമ്മ ചെപ്പുകൾ ആയി സൂക്ഷിക്കാൻ സെൽഫിക്ക് സാധിക്കുമെന്ന് സെൽഫി ആരാധകർ അടിവരയിട്ട് പറയുന്നു. പണ്ട് ഫ്രണ്ട് ക്യാമറകൾ ഒരു ആവശ്യമായിരുന്നുവെങ്കിൽ ഇന്നത് അനിവാര്യമാണ്.

വർദ്ധിച്ചു വരുന്ന സെൽഫി പ്രേമം വരുത്തിവയ്ക്കുന്ന വിനകളും കുറവല്ല. സെൽഫി മരണങ്ങൾ എന്നൊരു പുതിയ വാക്കു പോലും ഉണ്ടായി. റെയിൽപാളത്തിൽ നിന്ന് സെൽഫി എടുക്കുന്നതിനിടെ ട്രെയിനിടിച്ചു വിദ്യാർത്ഥി മരിച്ചു, മൂർഖൻ പാമ്പിന്റെ കൂടെ നിന്ന് സെൽഫി എടുക്കുന്നതിനിടെ പാമ്പിന്റെ കടിയേറ്റ് മരിച്ചു. തോക്ക് തലയിൽ ചൂണ്ടി സെൽഫി എടുക്കുന്നതിനിടയിൽ അബദ്ധത്തിൽ വെടിയേറ്റ് മരിച്ചു. അത് സെൽഫി വാക്കും മരണങ്ങളുടെ ഞെട്ടിപ്പിക്കുന്ന വാർത്തകളുമാണ് ഓരോ ദിവസവും പുറത്ത് വരുന്നത്. സെൽഫി ശ്രമത്തിന് അടിമപ്പെട്ട 15 വയസുകാരൻ ദിവസവും 10 മണിക്കൂറിനടുത്ത് സെൽഫി എടുക്കുകയും ഇഷ്ടപ്പെട്ട സെൽഫി കിട്ടാത്തതിനാൽ ആത്മഹത്യയ്ക്ക് ശ്രമിക്കുകയും ചെയ്ത വാർത്ത ഞെട്ടലോടെയാണ് ലോകമനസാക്ഷി ഉൾക്കൊണ്ടത്. നിയന്ത്രണവിധേയമല്ലാത്ത ശരീരത്തിന്റെ മാറ്റത്തിന്റെ പേരാണ് രോഗമെങ്കിൽ സെൽഫിയും ഒരു രോഗമാണ്. നാം തന്നെ പ്രഥമ ചികിത്സ നടത്തേണ്ട രോഗം.

നാം നമ്മെ സ്നേഹിക്കുന്നവർ മാത്രമാകാതെ അപരന്റെ വേദനയും സന്തോഷവും മനസ്സിലാക്കുകയും ചെയ്യുന്നവർ കൂടിയാകണം. ക്യാമറകണ്ണുകളിൽ നാം കാണുന്ന മനോഹരമായ പശ്ചാത്തല ദൃശ്യവും സുന്ദരമായ നാമും മാത്രമല്ല ഈ ലോകം. ഇവിടെ ഒരു നേരത്തെ ഭക്ഷണത്തിനു വേണ്ടി തെരുവ് നായ്ക്കളോട് കടിപിടികൂടുന്ന കുരുന്നു ബാല്യങ്ങളുണ്ട്. ഉടുതുണിക്ക് മറുതുണിയില്ലാത്തവരുണ്ട്. വിദ്യാഭ്യാസത്തിന് വേണ്ടി കൊതിക്കുന്ന പഠന ചിലവ് താങ്ങാനാവാതെ പഠനം വഴിമുട്ടിയ കൗമാരങ്ങൾ ഉണ്ട്. കാർഷിക പ്രതിസന്ധികൾ മൂലം ആത്മഹത്യയിൽ പരിഹാരം കാണേണ്ടി വന്ന അനേകം കർഷകരും ഇനി എന്ത് എന്നറിയാതെ നിൽക്കുന്ന അവരുടെ കുടുംബങ്ങളുമുണ്ട്. രോഗാവസ്ഥയും ചികിത്സാ ചിലവുകളും താങ്ങാനാവാതെ ജീവിതം ഒരു ചോദ്യചിഹ്നമായി നിൽക്കുന്ന അനേകരുണ്ട്. പ്രകൃതി ദുരന്തങ്ങളിൽ അകപ്പെട്ട് ജീവിതത്തിന്റെ മുഴുവൻ സമ്പാദ്യങ്ങളും ഒരൊറ്റ നിമിഷം കൊണ്ട് തകർന്നവരുണ്ട്. ഇവരെ കാണമെങ്കിൽ ഫ്രണ്ട് ക്യാമറകൾ പോരാ. പ്രകൃതിയിലേയ്ക്ക് സമൂഹത്തിലേക്ക് തുറന്നിരിക്കുന്ന ഇരുമിഴികളായ ക്യാമറയും മനസാക്ഷിയും വേണം. മരവിക്കാത്ത മനസ്സുള്ള ഒരു യുവതലമുറയെയാണ് നാടിനും സമൂഹത്തിനും രാജ്യത്തിനും ആവശ്യം.





# For You
## Dear Aylan Kurdi



Rosmy Thomas
II BSc Mathematics

There lies, prostrated
in the shores of
Romans Mari Noustrum
The Mediterraean sea.

The cadaver of a
three year old boy,
alone … detached
beseeching condolence

How dreadful being
the sight is
How brutal being
the man is!

Who demolished his
castle of dreams?
Who abolished his
great future?.


We, the human
with wolfish heart
and a combat mind
killing one other.

We walk in the
fog of war
contrive walls
to enjoy alone.

Man is digging
his on pit
abbreviating
his on life.

In this vast
enriched world,
no chamber for a
three year boy!

Aylan which my
burning heart
sorry, sorry…
for the whole world.





# യന്ത്രഭാഷ

Sidharth R. Vyloppilly
I BSc Mathematics

വേണുവേട്ട, ഉണ്ണിയെവിടെയാ... രശ്മി ഉറക്കെ വിളിച്ചു ചോദിച്ചു. അച്ഛനൊപ്പം നടക്കാൻ പോയി. ലാപ്ടോപ്പിൽ പരതിക്കൊണ്ടിരുന്ന അയാൾ തലയുയർത്തി നോക്കാതെ മറുപടി പറഞ്ഞു. അച്ഛന് ഉണ്ണിയെ തനിയെ മാനേജു ചെയ്യാൻ പറ്റുമോ?. അവൾ വീണ്ടും ആരാഞ്ഞു. അതൊക്കെ അച്ഛൻ നോക്കിക്കൊള്ളും നീ പേടിക്കണ്ട. അയാൾ ഭാര്യയെ ആശ്വസിപ്പിക്കാനായി പറഞ്ഞു. എന്നിട്ട് മെല്ലെ വാതിൽ തുറന്ന് പുറത്തിറങ്ങി. തന്നെ തഴുകിയെത്തുന്ന വൃശ്ചിക കാറ്റിന്റെ കുളിർമ്മ ആസ്വദിച്ചു. ആറേഴു വർഷങ്ങൾക്ക് മുൻപ് വരെ ഈ കുളിർമ്മ തന്നെയാണ് പ്രഭാതത്തിന്റെ വരവ് അറിയിച്ചിരുന്നത്. ഒരു പക്ഷെ താൻ നേടിയ ഡിഗ്രികളിൽ ഈ കാറ്റിനും പേറ്റന്റുണ്ടാകുമോ അറിയില്ല. വർഷങ്ങളായി തന്റെ പാദസ്പർശം ഏൽക്കാതെ കിടന്ന ഈ വീടിന്റെ പടികൾ വീണ്ടും കയറ്റിയത് സുഹൃത്തും സൈക്യാട്രിസ്റ്റുമായ രാം കുമാറിന്റെ വാക്കുകളാണ്. വേണു, മരുന്നുകൾക്കും പരിധിയുണ്ട്. ഓട്ടിസം എന്ന ഭീകരനെ ചെറുത്തു തോൽപ്പിക്കാൻ ഉണ്ണിക്ക് മരുന്നിന്റെ മാത്രം പിൻബലംപോരാ. സ്നേഹത്തിന്റെ ശക്തി കൂടി വേണം. പക്ഷെ ആ സ്നേഹത്തിന്റെ ഉറവിടം ഈ ഫ്ളാറ്റിന്റെ നാലു ചുവരുകൾക്കുള്ളിൽ നിന്റെയും രശ്മിയുടെയും ഹൃദയങ്ങൾ മാത്രമാവരുത്. ഒരു കഥാപ്രസംഗക്കാരന്റെ ശൈലിയിൽ അയാൾ പറഞ്ഞു നിർത്തിയപ്പോൾ വേണു ഇടറിയ സ്വരത്തിൽ ചോദിച്ചു. പിന്നെ, വേണു അച്ഛനുമായുള്ള പ്രശ്നമൊക്കെ എനിക്കറിയാം ബട്ട് ബി പ്രാക്ടിക്കൽ. നീ ഉണ്ണിയെയും കൂട്ടി അച്ഛന്റെ അടുക്കൽ പോയി കുറച്ച് ദിവസം നിൽക്ക്. ദെയർ ഈസ് എ വേൾഡ് ബീയോണ്ട് ദിസ് ഫയർ വാൽസ്- എന്ന സത്യം ഉണ്ണിയും തിരിച്ചറിയട്ടെ. ഒരു ചേഞ്ച് അവനത്യാവശ്യമാണ്. അയാൾ വീണ്ടും ഉപദേശിച്ചു. അയാളുടെ വാക്കുകൾക്ക് ആദ്യം വിലകൽപ്പിച്ചില്ലെങ്കിലും അത് മനസ്സിനെ കൊളുത്തി വലിക്കുന്നതു പോലെ തോന്നി. ഒരു തീരുമാനം എടുക്കാൻ കഴിയുന്നില്ല. സൗഹൃദവൃന്ദത്തിലെ ചില അമേരിക്കൻ മുഖങ്ങൾ പെട്ടെന്ന് മനസ്സിൽ മിന്നിതെളിഞ്ഞു. രാം കുമാറിനേക്കാൾ കുറച്ച് ഡിഗ്രി കൂടുതലുള്ളവർ. ഉടൻ തന്നെ മെയിൽ അയച്ച് അവരോട് ആരാഞ്ഞു. വാട്ട് ഈസ് യുവർ ഒപ്പീനിയൻ എബൗട്ട്... ഉടൻ തന്നെ മറുപടിയുമെത്തി. മരുന്നിനും ചികിത്സയ്ക്കും മീതെ മറ്റുപല ഘടകങ്ങൾക്കും രോഗപരിചരണത്തിൽ പ്രാധാന്യമുണ്ട്. അത്തരത്തിലുള്ള ഒരുപാട് അനുഭവങ്ങൾ ഞങ്ങൾക്കുണ്ട്. ഒരു ആൾട്ടർനേറ്റീവ് ചോയ്സ് എന്ന നിലയ്ക്ക് നിനക്ക് സ്വീകരിക്കാവുന്നതാണ്. ഏതായാലും നീ ട്രൈ ചെയ്യ്. അപ്പോഴും തീരുമാനം ഉറപ്പിക്കാൻ സാധിക്കാത്തതു പോലെ അയാൾക്ക് തോന്നി. നമ്മൾ ചൊവ്വയിൽ എത്തി നിൽക്കുമ്പോഴാണ് വാട്ട് എ നോൺസൺസ് പരസ്യത്തിന്റെ ഹരിശ്രീകുറിക്കാത്ത വാക്കുകളുടെ നുറുങ്ങിയ രൂപം ഫേസ്ബുക്ക് ഫ്രണ്ട്സിലൂടെ ഒഴുകിയെത്തി. ഇനി പുറത്തെങ്ങും തിരയേണ്ടെന്ന് തീരുമാനിച്ച് അയാൾ തനിക്ക് ഉള്ളിലേക്ക് തന്നെ തിരിഞ്ഞു. കണ്ണാടിയിൽ കാണുന്ന പ്രതിബിംബത്തോടായി അയാൾ ഇതേ ചോദ്യം ആവർത്തിച്ചു. അപ്പോൾ പ്രതിരൂപം പ്രതികരിച്ചു. ലീവെടുക്കേണ്ടി വരും. ചിലപ്പോൾ ലോങ്ങ് ലീവ്. അങ്ങിനയായാൽ നിന്റെ സീനിയോരിറ്റി,ശമ്പളം... പക്ഷെ ഏറ്റവും വലിയ പ്രശ്നം അച്ഛന് മുൻപിൽ തലതാഴ്ത്തി നിൽക്കേണ്ടി വരുമെന്നതാണ്. അന്ന് വീടുവിട്ടിറങ്ങിയപ്പോൾ പോലും തലയുയർത്തിത്തന്നെയാണ് പിടിച്ചിരുന്നത്. അവസരങ്ങൾക്ക് മതിൽകെട്ടുകൾ തീർക്കുന്ന ആ ഗ്രാമത്തിൽ നിന്നും രക്ഷപെടുകയല്ലാതെ മറ്റെന്താണ് ഞാൻ ചെയ്യേണ്ടിയിരുന്നത്. ഗ്രാമം വിട്ടെറിഞ്ഞ് നഗരത്തിലേക്ക് ചേക്കേറി ലോകം വെട്ടിപ്പിടിക്കാനായി സാമ്രാജ്യം തീർത്തത് രണ്ട് മൂന്നു മുറികളുള്ള ഈ ഫ്ളാറ്റിൽ തന്നെയാണെന്നത് വാസ്തവം. പക്ഷെ അച്ഛന് മുൻപിൽ കീഴടങ്ങാൻ തന്റെ ദുരഭിമാനം... അല്ല അഭിമാനം അനുവദിക്കുന്നില്ല. പക്ഷെ വെട്ടിപിടിച്ചും അഭിമാനത്തിന്റെ ഊറ്റം ഉൾക്കൊണ്ടും നേടുന്നത് അനുഭവിക്കേണ്ടവന് അതിനെക്കുറിച്ചൊന്നും തിരിച്ചറിവില്ലെങ്കിൽ പിന്നെന്തുപ്രയോജനം. ആ ചോദ്യം അയാളിൽ മാറ്റങ്ങളുണ്ടാക്കി. പിന്നെ കൂടുതലൊന്നും ആലോചിക്കാതെ പുറപ്പെട്ടു.







കാറ്റിന്റെ ഈർപ്പം നിലനിൽക്കുന്ന ആ ഇടനാഴിയിലൂടെ അയാൾ ചെന്നെത്തിയത് ആ ഇരുമ്പുപെട്ടിക്ക് മുമ്പിലായിരുന്നു. അത് തുറക്കാനായി ആരോ ഉള്ളിലിരുന്ന് മന്ത്രിക്കുന്നത് പോലെ അയാൾക്ക് തോന്നി. രൂക്ഷമായ പൊടിമണം. കാലത്തിന് കുറുകെ ബന്ധിച്ച എട്ടുകാലി വലകൾ അവിടവിടായി തൂങ്ങി കിടക്കുന്നു. അതിനുള്ളിലയാൾ മെല്ലെ പരതി നോക്കി. ആ പെട്ടിയുടെ ഇരുണ്ട കോണിൽ കയ്യെവിടെയോ തടഞ്ഞു. എടുത്തു നോക്കിയപ്പോൾ അച്ഛന്റെ പഴയ ഒരു ഡയറി. വർഷം പരിശോധിച്ചപ്പോൾ താൻ ഈ വീടിന് സലാം പറഞ്ഞ് മടങ്ങിയ അതേവർഷം. ഒരു കൗതുകം എന്ന നിലയ്ക്ക് താൻ വീടുവിട്ടു പോയ തീയതി കണ്ടെത്തി. ആ താളിനു മീതെ പറ്റിയിരുന്ന കാലത്തിന്റെ ധൂളി അയാൾ കൈകൊണ്ട് തട്ടിത്തെറിപ്പിച്ചു. എന്നിട്ട് അതിലൂടെ കണ്ണോടിച്ചു. ഇവിടെ നിന്നാൽ നിങ്ങളും ഈ നാടും കൂടെ എന്നെ മുരടിപ്പിക്കും. ഐ ഹാവ്മൈ ഓൺ എയിംസ് ആന്റ് ഗോൾസ്. അതിന് തടയിടാൻ ആരെയും ഞാൻ അനുവദിക്കില്ല. എന്ന് പറഞ്ഞ് അവനിറങ്ങിപോയി. ശരിയാണ്. പുതു തലമുറയുടെ ലക്ഷ്യങ്ങളറിയാൻ എക്സ്പയറി ഡേയ്റ്റ് കഴിഞ്ഞ ഈ വൃദ്ധന് കഴിഞ്ഞില്ല. ഭാനുമതിയും വേണുവും അടങ്ങുന്നതായിരുന്നു എന്റെ ലോകം. എന്നാൽ അവളെന്നെ തനിച്ചാക്കി ഓർമ്മകളുടെ (ഡിംനേഷ്യ) രാജ്ഞിയായി കിരീടം ചൂടി. പിന്നെപ്പോഴോ ഏതോ ലോകത്ത് മൺമറയുകയും ചെയ്തു. അന്നു തൊട്ട് അവനു വേണ്ടി മാത്രമാണ് ഈ ഹൃദയം തുടിച്ചിരുന്നത്. പക്ഷെ അതിന്റെ സ്പന്ദനം അറിയാൻ അവന് കഴിഞ്ഞില്ല. ഇപ്പോൾ അവന് വേണ്ടി മനസ്സുരുകി പ്രാർത്ഥിക്കാൻ മാത്രമേ എനിക്ക് കഴിയൂ. അയാൾ ആ താളുകൾ മെല്ലെ മടക്കി. പിന്നെ ഹൃദയത്തോട് ചേർത്ത് കെട്ടിപിടിച്ചു. ഇന്നിപ്പോൾ തനിക്ക് മുൻപിൽ തുറക്കപ്പെട്ട ആ ഏടുകൾക്ക് പറയുവാനുള്ളതിന്റെ ബാക്കി അച്ഛൻ ഇപ്പോൾ ഉപയോഗിക്കുന്ന ഡയറിക്കൊരു പക്ഷെ പറയുവാൻ കഴിയുമെന്ന പ്രതീക്ഷയിൽ അയാൾ അത് തിരഞ്ഞു. അധികം തിരയാതെ തന്നെ അയാൾക്ക് അത് കണ്ടെത്താനായി. അതിൽ തനിക്കാവശ്യമുള്ളവ തിരഞ്ഞു പിടിച്ചു. ഇന്ന് അവനിവിടെ എത്തിയിട്ട് പത്ത് ദിവസം തികയുന്നു. മകൻ വീടുവിട്ട് ഇറങ്ങി പോയിട്ട് ഒരന്വേഷണം പോലും അച്ഛന്റെ ഭാഗത്ത് നിന്ന് ഉണ്ടാകാത്തതിനാൽ അവന് എന്നോട് അമർഷമുണ്ടായിരിക്കണം. അല്ല ഉണ്ട്, അന്വേഷിക്കാത്തത് മനപൂർവ്വമാണ്. കാരണം അവനുമായി സംവദിക്കാനാവശ്യമായ യന്ത്രഭാഷ എനിക്ക് വശമില്ല. അവന്റെ ചവറ്റു കുട്ടയിൽ എന്റെ വാക്കുകൾക്ക് വെറുതെ സ്ഥാനം വാങ്ങി കൊടുക്കേണ്ടെന്ന് കരുതിയാണ് കത്തെഴുതാതിരുന്നത്. ഉണ്ണിക്ക് ഇപ്പോൾ ഇവിടെ വന്ന് കയറിയപ്പോൾ ഉണ്ടായിരുന്നത്ര വാശിയൊന്നും ഇല്ല. അതിന് കാരണം അവന്റെ ഹൃദയം വിശാലമായതാവണം. കടുത്ത പെയിന്റ് അടിച്ച ഫ്ളാറ്റ് മുറിയിലെ ചുമരുകൾക്കുള്ളിൽ കൂട്ടിലടക്കപ്പെട്ട പക്ഷിയെപ്പോലെ ചിറകിട്ടടിച്ച അവനു ഇവിടെ അതിർവരമ്പുകളില്ലാത്ത വിഹായസ്സായി തോന്നിക്കാണും. ഇപ്പോഴുള്ള ബന്ധങ്ങളുടെ കെട്ടുകളഴിഞ്ഞു പോകുന്ന മറവിയുടെ ചുഴിയിലേയ്ക് കാലിടറി വീഴുന്നതിന് മുൻപ് എന്റെ ഉണ്ണിയെ ഞാൻ സുഖപ്പെടുത്തും അന്ന് അച്ഛൻ തന്നോടിതു പറഞ്ഞിരുന്നെങ്കിൽ. എന്താണീ യന്ത്രഭാഷ, എങ്ങനെയാണീ യന്ത്രങ്ങൾ സംസാരിക്കുന്നത്. യന്ത്രങ്ങൾക്ക് പകരം ഹൃദയങ്ങൾ സംസാരിച്ചാൽ മതിയാകുമോ. എന്നിങ്ങനെയുള്ള അപഹാസ്യമുനയുള്ള ഒട്ടേറെചോദ്യങ്ങൾ മനസ്സിലുയർന്നേനെ എന്ന് വേണു ചിന്തിച്ചു. എന്നാലിപ്പോൾ ഇതിനൊക്കെയുള്ള ഉത്തരങ്ങൾ തനിക്കുള്ളിൽ തിരയടിക്കുന്നതു പോലെ അയാൾക്ക് തോന്നി. മാറ്റം ഉണ്ണിക്ക് മാത്രമല്ല തനിക്കും വന്നുഭവിച്ചതു പോലെ. അച്ഛന് പ്രായം 74 ആയിട്ടും യാതൊരു മറവിയുമില്ല. എന്നാൽ തനിക്കീ മുപ്പത്തിയെട്ടാം വയസ്സുമുതൽ തുടങ്ങിയിരിക്കുന്നു സ്ഥലകാലബോധമില്ലാത്ത മറവികൾ. യന്ത്രങ്ങളുടെ ഭാഷയോ സമ്പർക്കമോ അച്ഛന് പിടികിട്ടാത്തതായിരിക്കും അദ്ദേഹത്തിന്റെ ഓർമ്മ ശക്തിക്ക് കാരണം. കംപ്യൂട്ടറിന്റെ ഉപയോഗം മറവി രോഗത്തിന് ആക്കം കൂട്ടുമോ. അറിയില്ല. ശാസ്ത്രം തെളിയിക്കട്ടെ.അല്ല കാലം തെളിയിക്കട്ടെ. ഇതെല്ലാം ആലോചിച്ച് കൊണ്ടിരിക്കെ അച്ഛൻ ഉണ്ണിയുമായി വന്നു. ഒന്നും മിണ്ടുന്നില്ല. മുഖത്ത് ആ പഴയ ഗൗരവം നിലനിൽക്കുന്നു. ഉച്ചക്ക് മുൻപേ മടങ്ങാമെന്നാണ് ഞങ്ങൾ കരുതുന്നത്. തൽക്കാലം ഉണ്ണി ഇവിടെ നിൽക്കട്ടെ. രശ്മിക്ക് കോളേജിൽ നിന്ന് അധികം ലീവ് എടുക്കാൻ അനുവാദമില്ല. പിന്നെ ഉണ്ണി ഇവിടെ നിൽക്കുന്നതു കൊണ്ട് അച്ഛന്... എനിക്ക് കുഴപ്പമൊന്നും ഇല്ല. അദ്ദേഹം ഗൗരവം വിടാതെ തന്നെ പറഞ്ഞു. ഉച്ചയ്ക്ക് മുൻപ് തന്നെ തിരിച്ചു മടങ്ങാനായി ഒരുങ്ങിയിറങ്ങി. യാത്രപറയുന്നതിനായി അച്ഛൻ ഉണ്ണിയുമായി ഉമ്മറത്ത് സ്ഥാനം പിടിച്ചിരുന്നു. ഹൃദയത്തിന്റെ ഭാഷയിൽ ഒരായിരം തവണ ആ കാൽക്കൽ നമസ്കരിച്ചുകൊണ്ട് അയാൾ നടന്നു നീങ്ങി.





# ഗൗരി?



Harsha Jaison
II BSc Mathematis

*നിങ്ങളെ നിശബ്ദയാക്കാൻ ചിലരുടെ*
*തോക്കുകൾക്ക് കഴിഞ്ഞേക്കാം...*
*എന്നാൽ അക്ഷരങ്ങൾക്ക് മരണമില്ലല്ലോ...*

വർത്തമാനകാലത്തിന്റെ ഇരുൾമൂടിയ വഴികളിലൂടെ ഓരോ ജീവിതവും മുന്നോട്ട് കുതിച്ചപ്പോൾ 2017 ആണ്ടിലെ മറ്റൊരു പുഷ്പം കൂടി ഞെട്ടറ്റ് വീഴുന്നതിന് ഇന്ത്യ സാക്ഷിയായി. ഭാരതാംബയുടെ നെറുകയിൽ ചാർത്തപ്പെട്ട മറ്റൊരു കറുത്ത പൊട്ട്. വിപ്ലകരമായ ഒരുപിടി മുന്നേറ്റങ്ങൾ നടത്തി, ഒടുവിൽ ധീര രക്തസാക്ഷിത്വം വരിച്ച ഒട്ടനവധി മഹാരഥൻമാർക്ക് പിൻഗാമിയായി ചരിത്രത്താളുകളിലേക്ക് ഒരു വനിത കൂടി ചേർക്കപ്പെട്ടു. സൂര്യനസ്തമിക്കാത്ത സാമ്രാജ്യത്തിനെതിരെ പൊരുതുവാൻ കാലം കരുതിവെച്ച് ആയുധമായിരുന്നു ത്ധാൻസി റാണി, ബീഗം ഹസ്രത്ത് മഹൽ, എന്നിവരെങ്കിൽ സ്വാതന്ത്ര്യലബ്ധിക്ക് ശേഷം ഇന്ത്യൻ പുരോഗമന പ്രസ്ഥാനത്തിന് വിലങ്ങുതടിയായി നിൽക്കുന്നവർക്കെതിരെ ധർമ്മം കരുതിവെച്ച പടവാളായിരുന്നു അവർ- ഗൗരി ലങ്കേഷ്.

1969 ജനുവരി 29ന് കർണ്ണാടകയിലെ ലുഗായത്ത് കുടംബത്തിലാണ് ഗൗരി ജനിച്ചത്. ഗൗരി തന്റെ ജോലി ആരംഭിച്ചത് ബാംഗ്ലൂരിലെ ദി ടൈംസ് ഓഫ് ഇന്ത്യയിലെ ഒരു മാധ്യമ പ്രവർത്തകയായിട്ടായിരുന്നു. പിന്നീട് അവൾ ഭർത്താവിനൊപ്പം ഡൽഹിയിലയ്ക്ക് താമസം മാറ്റി. അച്ഛന്റെ മരണ ശേഷം ഗൗരി



ന്യൂമാൻ കോളേജ് മാഗസിൻ 2017-2018

ലങ്കേഷ് പാത്രിക് എന്ന ആഴ്ചപ്പതിപ്പിന്റെ എഡിറ്ററായി ചുമതലയേറ്റു. സഹോദരനുമായുള്ള അഭിപ്രായവ്യത്യാസം അവരുടെ ജീവിതത്തെ ചെറുതായൊന്നുമല്ല പിടിച്ചുലച്ചത്. ഗൗരി നക്സലൈറ്റുകളെ പിന്തുണക്കുന്നുവെന്നുവരെ സഹോദരൻ ആരോപിച്ചു. സഹോദരനുമായി തെറ്റിപ്പിരിഞ്ഞ ശേഷം അവർ ഗൗരി ലങ്കേഷ് പാത്രിക് എന്ന മറ്റൊരു സംഘടന ആരംഭിച്ചു. പിന്നീട് മറ്റൊരു ഗൗരിയെയാണ് ഇന്ത്യ കണ്ടത്. ഹിന്ദുത്വ രാഷ്ട്രീയത്തിന് എതിരായി അവർ ശക്തമായി പ്രതികരിച്ചു. മാധ്യമ സ്വാതന്ത്ര്യത്തിന് വേണ്ടി നിലകൊണ്ട ഗൗരി രാജ്യത്തെ പ്രമുഖ രാഷ്ട്രീയ പാർട്ടികൾക്കെതിരെ പ്രതികരിക്കാനും മടിച്ചില്ല. ജാതി രാഷ്ട്രീയത്തിനും ഹിന്ദുത്വ അജണ്ടക്കും എതിരെ അവർ ശക്തമായി പോരാടി. പലപ്പോഴും സാധാരണക്കാർക്ക് നീതി ഉറപ്പിക്കാൻ നീതിന്യായ വ്യവസ്ഥയെയും അവർ സമീപിച്ചു. അതിൽ പലപ്പോഴുംഅവർ വിജയിക്കുകയും ചെയ്തു. ജാതി വ്യവസ്ഥയ്ക്കും ബ്രാഹ്മണ ആചാരങ്ങൾക്കും എതിരെ ശബ്ദമുയർത്താനും അവർ മടി കാണിച്ചില്ല. സാമൂഹിക പ്രവർത്തനങ്ങളുടെ നേതൃസ്ഥാനത്ത് എന്നും ഗൗരി ലങ്കേഷിന്റെ സാന്നിദ്ധ്യം ഉണ്ടായിരുന്നു. ഇളകാത്ത സിംഹാസനങ്ങളെയും ചോദ്യം ചെയ്യപ്പെടാത്ത ആധിപത്യങ്ങളെയും ചോദ്യം ചെയ്തുകൊണ്ട് മരണം വരെ സ്വതന്ത്രമായി അവർ ജീവിച്ചു.

ഗൗരി ലങ്കേഷിന്റെ മരണത്തിൽ രാജ്യവ്യാപകമായി പ്രതിഷേധമുയർന്നിട്ടും അവരുടെ ഘാതകരെ പിടികൂടാൻ കേന്ദ്ര സംസ്ഥാന ഭരണകൂടങ്ങൾക്കായിട്ടില്ല. മാധ്യമ പ്രവർത്തനത്തിനും ആവിഷ്കാര സ്വാതന്ത്ര്യത്തിനും എതിരെ ഉയരുന്ന വെല്ലുവിളിയായിട്ടാണ് ഗൗരി ലങ്കേഷ് വധം കണക്കാക്കപ്പെടുന്നത്. വിയോജിപ്പിന്റെ ശബ്ദങ്ങളെയും ആശയങ്ങളെയും ഉന്മൂലനം ചെയ്യുന്ന ഫാസിസ്റ്റ് രാഷ്ട്രീയം കൊന്നൊടുക്കിയ പൻസാരെ, ധബോർക്കാർ, കൽബുർഗി എന്നിവരുടെ വധത്തിന്റെ തുടർച്ചയായാണ് ഗൗരി ലങ്കേഷ് വധം. ഇക്കാലഘട്ടത്തിലെ ഏറ്റവും പ്രമുഖ മാധ്യമ പ്രവർത്തകയായിരുന്ന ഗൗരി ലങ്കേഷ് ജനമനസ്സുകളിൽ എക്കാലവും ജീവിക്കും.






Sneha Chandran
I BA Economis

# ഗുരുദക്ഷിണ

അറിയുമോ നിങ്ങളാ നിഷാദ കുമാരനെ
അറിവിന്റെ പൊരുളായ കോമള ബാലനെ
ഹസ്തിനായോധനശാലയിൽ പണ്ടവൻ
അറിവിന്റെ കനിവിനായി കൈക്കുമ്പിൾ നീട്ടവെ,
ആട്ടിപ്പുറത്താക്കി ആചാര്യശ്രേഷ്ഠനും
നിഷാദകുമാരനെ പുച്ഛഭാവത്തോടെ
അന്നു നിൻ കണ്ണിൽ നിന്നശ്രു പൊടിഞ്ഞുവോ?.
ആത്മദുഖത്താൽ പടികളിറങ്ങിയോ
ഗുരുവിന്റെ പാദം ചവിട്ടിയ മണ്ണിൽ
നിന്നൊരു പിടിവാരി ആരണ്യകം പൂകവെ
ഒരു നാൽ മൃഗയാവിനോദത്തിനായി
ആചാര്യശ്രേഷ്ഠനും കൂട്ടരുമെത്തവെ,
ശബ്ദലക്ഷ്യം ഭേദിച്ചസ്ത്രമെയ്തൊരാൾ
വേട്ടനായ് വായിലായ് രക്തമൊഴുക്കിനാൽ
വനാന്തരം തന്നിലായ് ധനുസേന്തി നിൽക്കുന്ന
വീരനാരെന്ന് തിരഞ്ഞു നടക്കവേ,
കണ്ടുപോയ്, പൂർണ്ണശിലാരൂപം താൻ തന്നെ
സ്തബ്ധനായ് നിന്നു പോയ് ആചാര്യൻ
ദ്രോണനും
തന്റെ കാൽപ്പാദത്തിൽ വീണു നമിക്കുന്ന
ഉത്തമശിഷ്യനെ നോക്കി നിന്നു ഗുരു
അർജ്ജുനനേക്കാൾ വലിയോരായോധകൻ
ഇല്ലെന്നാണയിട്ടാചാര്യൻ ദ്രോണരും
ഗുരുദക്ഷിണയായിട്ടേകണം ശിഷ്യന്റെ
വലതു കൈപ്പത്തിതൻ പെരുവിരൽ തന്നെ
ഒരു വേള വനാന്തരം ഞെട്ടി വിറച്ചു പോയ്
അരുതെന്ന് വനദേവതമാരും വിലപിച്ചോ
കണ്ണൊന്നടഞ്ഞ് കുമാരൻ പിന്നെ പെരുവിരൽ
ഭേദിച്ച് ഗുരുവിന് കാണിക്കവെച്ചു ശിഷ്യൻ.






ന്യൂമാൻ കോളേജ് മാഗസിൻ 2017-2018



Jiya George
II B.A. Economics

# സെല്ലുകൾ

സന്ദർശനത്തിന്റെ ഇടവേളകൾ ലംഘിച്ച്
രണ്ടു കണ്ണുകൾ കാഴ്ചകൾ തേടി അലയുന്നു
ഉത്സവ കാഴ്ചകളുടെ നിറഭംഗിയില്ല ചുറ്റിലെങ്ങും
എണ്ണമറ്റ നേർചിത്രങ്ങൾ മാത്രം.
ഭ്രാന്താലയത്തിന്റെ മതിലിനുള്ളിൽ
ഉറങ്ങി കിടക്കവെ കൊച്ചുലോകം.
പൂക്കളില്ലിവിടെ തേൻ നുകരാൻ വണ്ടുകളില്ല
മലർക്കെ തുറക്കാൻ വാതിലുകളില്ല
സൂര്യനെ തുറക്കാൻ ആകാശചുംബിയാം
മതിലുകൾ മാത്രം കാൺമതവിടെ
എണ്ണമറ്റ ചിത്രങ്ങൾക്കിടയിൽ
കൺകോണിലെവിടെയോ വീണ്ടുമുടക്കി മുറിവ് പോലെ
കൂരിരിട്ടിൽ തേങ്ങലായി വന്നണഞ്ഞു
ചുറ്റും സജീവമായ അഴുക്കിനിടയിൽ
ഓർമ്മകളുടെ ഭാണ്ഡക്കെട്ടുമായി ഒരമ്മ
കുഴിഞ്ഞ കോടരങ്ങളിൽ വരണ്ടുണങ്ങിയ
രണ്ട് കണ്ണുകൾ.
ശോഷിച്ചകൈകളും, പിറുമ്പിയ ചുണ്ടുകളും
മൊഴിഞ്ഞത് ഇത്രമാത്രം.
മകനേ മാപ്പ്,
കാലിൽ മുറുകിയ ചങ്ങലയ്ക്കൊപ്പംഅമ്മ വിതുമ്പി
നേർത്ത ഞരമ്പുകൽ ഓർമ്മയിൽ നീട്ടി
നിർന്നിമേഷമായി രണ്ടു കണ്ണുകൾ
യാത്രയായി പുതിയ കാഴ്ചകൾ തേടി
ഒന്നുമറിയാതെ...





Bismi Benjamin
II B.A. Economics

# കേരളം ഒരു ഉപഭോക്തൃ സംസ്ഥാനം


ഇന്ത്യയെന്ന ഈ മതേതര രാജ്യത്തിൽ അനന്യമാം പരിലസിക്കുന്ന ഒരു സംസ്ഥാനമാണ് കേരളം. നമ്മൾ ഓമനപേര് ഇട്ട് വിളിക്കുന്ന ദൈവത്തിന്റെ സ്വന്തം നാട്. കേരളം ഇന്ത്യയിലെ പല സംസ്ഥാനങ്ങൾക്കും ഒരു മാതൃകയാണ് എന്ന് പറയാറുണ്ട്. വിദ്യാഭ്യാസം, ആരോഗ്യം, സാമൂഹിക സമത്വം എന്നീ കാര്യങ്ങളിൽ നാം ഏത് വികസിത രാജ്യത്തിലെ സമൂഹത്തിനോടും തുല്യം നിൽക്കുന്നു. എന്നാൽ ഈ നേട്ടങ്ങൾക്ക് അപ്പുറം ചില പ്രവണതകൾ ഇവിടെ വളർന്നു വരുന്നുണ്ട്. അതിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് നാം എല്ലാം വാങ്ങി ഉപയോഗിക്കുന്നവരുടെ ഒരു സംഘമായി മാറി എന്നത്. ഇവിടെ ഒരു ഉപഭോഗ സംസ്കാരമാണ് വളരെപ്പെട്ടെന്ന് വളർന്ന് വന്നത്.

കേരളവും ഭാരതത്തിലെ മറ്റു സംസ്ഥാനങ്ങളെ പോലെ അടിസ്ഥാനപരമായി കാർഷിക സംസ്കാരം ഉൾക്കൊണ്ടിരുന്ന ഒരു പ്രദേശം തന്നെയാണ്. എന്നാൽ പല കാരണങ്ങൾക്കൊണ്ടും ഇവിടെ നെൽകൃഷി ലാഭകരമല്ലാത്ത ഒന്നായി. കൃഷി പണിയിൽ നിന്നും പലരും പിന്മാറി. നെൽപാടങ്ങൾ തരിശായി ഇടുകയും അതുപോലെ മണ്ണിട്ട് നികത്തുകയും









മറ്റ് കൃഷികൾക്ക് ഉപയോഗപ്പെടുത്തുകയും ചെയ്തു. ഇതുകൊണ്ട് എന്തു സംഭവിച്ചു?. നമ്മുടെ ഭക്ഷ്യാവശ്യങ്ങൾക്കുള്ള ധാന്യങ്ങൾ മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്യേണ്ടി വന്നു.

കൃഷി എന്നാൽ, നാണ്യവിളകളുടെ കൃഷിയായി തീർന്നതും ഒരു കാരണമാണ്. പ്രധാനമായും റബർ. ലാഭമാണ് കർഷകരെ ഒരു മാറ്റത്തിന് പ്രേരിപ്പിച്ച മുഖ്യഘടകം എന്നും കാണാം. നെൽ പാടങ്ങൾ നികത്തി റബർ നടാൻ കർഷകർ തയ്യാറായി. നമ്മുടെ പാർപ്പിട രീതിയും ഇതിന്റെ ആക്കം കൂട്ടിയതായി കാണാം. കൂട്ടുകുടുംബ വ്യവസ്ഥയിൽ നിന്നും മാറുകയും ധാരാളം വീടുകൾ ആവശ്യമായി വരുകയും ചെയ്തു.അതും കൃഷിയിടങ്ങൾ വാസസ്ഥാനങ്ങളായി മാറാൻ കാരണമായി. മുൻപൊക്കെ നെൽകൃഷി ചെയ്യാൻ സൗകര്യമുള്ള ചതുപ്പു പ്രദേശങ്ങൾക്കായിരുന്നു വില കൂടുതൽ. ഇന്ന് വീട് വെയ്ക്കാൻ പറ്റിയ ഭൂമിക്ക് പൊന്നു വിലയായി.


മറ്റൊരു പ്രധാനപ്പെട്ട മാറ്റം തൊഴിൽ സംസ്കാരത്തിൽ വന്നതാണ്. ശാരീരിക അധ്വാനം ആവശ്യപ്പെടുന്ന ജോലികൾക്ക് മലയാളി സന്നദ്ധനല്ലാതായി. വിദേശ രാജ്യങ്ങളിലേയ്ക്ക് ഏത് തൊഴിലും ചെയ്യാൻ പ്രാപ്തനായി മലയാളി മാറുന്നു. അമിത വേതനം ലക്ഷ്യമാക്കി മിഥ്യാഭിമാനം മാറ്റി നിർത്തി മുന്നേറുന്നു. ഉപഭോഗ സംസ്കാരത്തിന്റെ അടിമയാണ് മലയാളി. പരസ്യത്തിനും പിന്നാലെ പായുന്ന മലയാളി ലക്ഷ്യമിടുന്നത് സ്വന്തം ജീവിതം പ്രശോഭിക്കാനാണ്.സ്വന്തം നാട്ടിൽ ജോലി കണ്ടെത്തിയിട്ടും വിദേശ പ്രൗഢി ലക്ഷ്യം കൈവരിക്കാൻ ദേശാടനപക്ഷികളെ പോലെ പുതിയ ലോകം കണ്ടെത്തുന്നു. ഏതൊരുരാജ്യം എടുത്താലും അവിടെ ഒരു മലയാളി മനസ്സ് ഉണ്ട്.

കൃഷി ഇല്ലാതായ മറ്റു നാടുകളിലൊക്കെ വ്യവസായങ്ങൾ വളർന്നു വന്നു. എന്നാൽ, കേരളത്തിൽ വ്യവസായിക വളർച്ചയും ഉണ്ടായില്ല. അതിന് സ്ഥല പരിമിതി ഒരു പ്രശ്നമായിരുന്നു. അങ്ങനെ നമ്മൾ മറ്റു പ്രദേശങ്ങളിൽ നിന്നും ഉത്പന്നങ്ങൾ കൊണ്ടുവരുകയേ സാധിക്കൂവെന്ന നിഗമനത്തിൽ എത്തി.




എന്നിട്ടോ ഏതൊരു പുതിയ ഉത്പന്നം വിപണിയിലെത്തിയാലും മലയാളി ആതിൽ ആകൃഷ്ടനാകും. അത് സ്വന്തമാക്കു.


ഇതിൽ നിന്നും ഒരു മോചന മാർഗം എന്നത് സ്വാശ്രയ ശീലം വളർത്തിയെടുക്കുക എന്നതാണ്. നമുക്ക് വേണ്ടത് ഇവിടെ തന്നെ ഉത്പാദിപ്പിക്കുക, അന്യരെ ആശ്രയിച്ച് ജീവിക്കുന്നത് അപമാനം മാത്രമല്ല ആപത്തു കൂടിയാണെന്ന് തിരിച്ചറിയുക.




ആനി ജയിംസ്
II B.A. Malayalam

# ഒരു സങ്കീർത്തനം പോലെ
# പെരുമ്പടവം ശ്രീധരൻ

വിഖ്യാത റഷ്യൻ നോവലിസ്റ്റ് ഫാദർ തസ്തയോവ്സ്കിയുടെ ജീവിതത്തിലെ ഒരു പ്രധാന ഘട്ടത്തെ അവലംബിച്ചു മലയാളത്തിലെ പ്രശസ്ത സാഹിത്യകാരൻ പെരുമ്പടവം ശ്രീധരൻ എഴുതിയ നോവലാണ് ഒരു സങ്കീർത്തനം പോലെ. നോവലിനുള്ളിലേക്ക് കടന്നു നോക്കുമ്പോൾ ആദ്യം കാണാനാവുന്നത് ഭാര്യയും ജ്യേഷ്ഠനും മരിച്ചു . ജ്യേഷ്ഠന്റെ കടബാധ്യതകളും അദ്ദേഹത്തിന്റെ കുടുംബത്തെയും സംരക്ഷിക്കേണ്ട ഉത്തരവാദിത്വം വഹിക്കേണ്ട വിഷമം സഹിക്കുന്ന തസ്തയേവ്സ്കിയെയാണ്. കയ്യിലുണ്ടായിരുന്ന മുഴുവൻ പണവും ചെലവാക്കി തികയാതെ വന്നപ്പോൾ കടം വാങ്ങിയതു കൂടി ചൂതുകളിച്ച് നഷ്ടപ്പെടുത്തുകയും ചെയ്തു. നിലനിൽപ്പു തന്നെ അവതാളത്തിലായ അവസ്ഥയിലാണ് അദ്ദേഹം. നിശ്ചിത സമയത്തിനു മുൻപ് 160 പേജു വരുന്ന ഒരു നോവൽ എഴുതി കൊടുക്കാമെന്നും അതിന് കഴിഞ്ഞില്ലെങ്കിൽ തന്റെ എഴുതാനുള്ള എല്ലാ പുസ്തകങ്ങളുടെയും അവകാശം വിട്ടു നൽകാമെന്ന കരാറിൽ











സ്റ്റെല്ലോവ്സ്കി എന്ന പ്രസാധകനിൽ നിന്നും അദ്ദേഹം കുറെ പണം വാങ്ങി.

ഉദ്ദേശിച്ച സമയത്തിനുള്ളിൽ നോവൽ പൂർത്തിയാക്കണമെങ്കിൽ ചുരുക്കെഴുത്തറിയാവുന്ന ഒരാളുടെ സഹായം ആവശ്യമായി വന്നു. അങ്ങിനെയാണ് അന്ന എന്ന യുവതിയുടെ സഹായത്തോടെ ചൂതാട്ടക്കാരൻ എന്ന നോവലിന്റെ രചന ആരംഭിച്ചത്. 1866 ഒക്ടോബർ നാലിന് തുടങ്ങി 26 ദിവസം കൊണ്ട് നോവൽ പൂർത്തിയാക്കി.

തന്നേക്കാൾ വളരെ ചെറുപ്പമായ അന്നയോട് അദ്ദേഹത്തിന് ഇഷ്ടം തോന്നി. ഒടുവിൽ ഇവർ ജീവിത പങ്കാളിയായതും അതിനിടയിൽ. അന്തർമുഖനായ തസ്തയോവ്സ്കി നേരിട്ട അപസ്മാര രോഗത്തിന്റെ അസ്വസ്ഥതകളും അദ്ദേഹം അനുഭവിച്ച ഭ്രാന്തവും വ്യസനവുമായ ആത്മസംഘർഷങ്ങളും സർഗ്ഗാത്മക വ്യഥയുമാണ് ഈ നോവലിന്റെ ഇതിവൃത്തം.

അരാജകവാദിയും അഴിഞ്ഞാട്ടക്കാരനുമായി പലരും വിശേഷിപ്പിച്ചിട്ടുള്ള തസ്തയോവ്സ്കിയെ ഹൃദയത്തിന് മേൽ ദൈവത്തിന്റെ കയ്യൊപ്പുള്ള ആളായിട്ടാണ് പെരുമ്പടവം നോവലിലൂടെ അവതരിപ്പിക്കുന്നത്. ബൈബിളിലെ ചില സങ്കീർത്തനങ്ങളിൽ ഉള്ളതു പോലെ കുറ്റബോധത്തിന്റെയും അനുതാപത്തിന്റെയും ഒരു സ്വരം അദ്ദേഹത്തിന്റെ കൃതികളിലുള്ളതു കൊണ്ടാണ് അദ്ദേഹത്തെ തന്നെ മുഖ്യകഥാപാത്രമാക്കിയ നോവലിന് അദ്ദേഹം സങ്കീർത്തനം പോലെ എന്ന പേര് നൽകിയത്.

മലയാള നോവലിലെ ഏകാന്തവിസ്മയം എന്നാണ് മലയാറ്റൂർ രാമകൃഷ്ണൻ ഈ കൃതിയെ വിശേഷിപ്പിച്ചത്. 1966 ലെ വയലാർ പുരസ്കാരം ഉൾപ്പെടെ എട്ട് പ്രധാന പുരസ്കാരങ്ങൾ ഈ കൃതി നേടി. ഹിന്ദി, തമിഴ്, കന്നഡ, ഗുജറാത്തി ഭാഷകളിൽ പെരുമ്പടവത്തിന്റെ ഈ കൃതിക്ക് ഇതിനോടകം തന്നെ പരിഭാഷകൾ വന്നിട്ടുണ്ട്. അത്രയും ഹൃദയസ്പർശിയായ നോവലാണിത്.





# മലയാള സിനിമയുടെ ത്രികാലങ്ങൾ

പ്രവീൺ ഫ്രാൻസിസ്
II B.A Malayalam

സ്വതന്ത്ര കേരളത്തേക്കാള് 30 വയസ്സ് മൂപ്പുണ്ട് മലയാള സിനിമയ്ക്ക്. ലോകസിനിമയെ അപേക്ഷിച്ച് 30 വയസ്സിന് ഇളപ്പവും. ഇന്ത്യയിൽ ചലിക്കുന്ന ചിത്രം ഉത്സവമൈതാനികളിലും മറ്റുമുള്ള വിസ്മയക്കാഴ്ചകളിലൊന്നായിരുന്ന കാലം. കേരള കരയ്ക്ക് അത് പരിചിതവുമായിരുന്നു. എങ്കിലും 1928 ൽ തലസ്ഥാനത്തിന് തെക്ക് അഗസ്തീശ്വരത്തുള്ള ദന്തവൈദ്യൻ ഡോ. ജെ.സി.ഡാനിയേൽ എഴുതി നിർമ്മിച്ച് സംവിധാനം ചെയ്ത വിഗതകുമാരനിൽ തുടങ്ങുന്നു മലയാള സിനിമയുടെ ചിത്രം.

## ഒന്നാം കാലം

ഭാഷയുടെ കാര്യത്തിലെന്ന പോലെ സിനിമയുടെ കാര്യത്തിലും തമിഴ് ഹിന്ദി കൃതികളോടാണ് മലയാളത്തിന് കടപ്പാട്. ആദ്യകാലങ്ങളിൽ നമ്മുടെ സിനിമയും വേരൂന്നിയതും പടർന്ന് പന്തലിച്ചതും തെന്നിന്ത്യൻ സിനിമയുടെ ഈറ്റില്ലമായിരുന്ന പഴയ മദ്രാസിലെ കോടമ്പക്കത്തെ സ്റ്റുഡിയോ തളങ്ങളിൽ തന്നെയായിരുന്നു. എന്തിലും വേറിട്ട് ചിന്തിക്കുന്ന മലയാളിക്ക് അഭിമാനിക്കാവുന്ന ഒരു കാര്യം നിശബ്ദ കാലഘട്ടത്തിൽ നമ്മുടെ ആദ്യ സിനിമ വിഗതകുമാരൻ നിർമ്മിക്കപ്പെട്ടത് തിരുവനന്തപുരം പട്ടത്ത് സ്ഥാപിക്കപ്പെട്ട ട്രാവൻകൂർ നാഷണൽ പിക്ചേഴ്സ് എന്ന സ്റ്റുഡിയോയിലൂടെയാണെന്നതാണ്. കേരളത്തിലെ ആദ്യത്തെ സിനിമ സ്റ്റുഡിയോ, നാഗർകോവിൽ സ്വദേശി സുന്ദർരാജ് 1932 ൽ നിർമ്മിച്ച മാർത്താണ്ഡവർമ്മയെന്ന രണ്ടാം നിശബ്ദസിനിമയിൽ തുടങ്ങുന്നു. സാഹിത്യ ചർച്ചയുള്ള സുവർണ്ണകാലം. 1929 ൽ സേലം മോഡേൺ പിക്ചേഴ്സ് നിർമ്മിച്ച ആദ്യമലയാളം ശബ്ദചിത്രമായ ബാലനും, പ്രസിദ്ധീകൃതമായ കഥയെ അതിജീവിച്ചുള്ളതായിരുന്നു. 1955 ൽ തൃശൂരിൽ നിന്നുള്ള വിദ്യാർത്ഥി കൂട്ടായ്മ പി. രാംദാസ് എന്ന മലയാളത്തിലെ ഏറ്റവും പ്രായം കുറഞ്ഞ സംവിധായകന്റെ നേതൃത്വത്തിൽ ന്യൂസ് പേപ്പർ ബോയ് നിർമ്മിക്കുന്നത് 1955 ലാണ്. സാമൂഹിക കഥകളാണ് ഇവിടെയെല്ലാം സവിശേഷമായി








നിലനിന്നത്. രാമുകാര്യാട്ടിന്റെ സംവിധാനത്തിൽ തകഴിയുടെ ചെമ്മീൻ, രാരിച്ചൻ എന്ന പൗരൻ, മുറപ്പെണ്ണ്, ഭാർഗവീനിലയം, ഓടയിൽ നിന്ന്, പ്രിയ, അനുഭവങ്ങൾ പാളിച്ചകൾ...

## രണ്ടാം കാലം


എഴുപതുകളിൽ തുടങ്ങി എൺപതുകളിൽ പൂർണ്ണ വളർച്ച നേടിയ സമാന്തര/ കലാസിനിമയുടെ മുന്നേറ്റമാണ് സത്യത്തിൽ മലയാള സിനിമയെ ലോക സിനിമാ ഭൂപടത്തിൽ ചെറുതെങ്കിലും സവിശേഷമായൊരിടത്ത് ഉറപ്പിച്ചത്. സർക്കാർ ഉടമസ്ഥതയിലുള്ള ഇന്ത്യയുടെ ആദ്യത്തെ സിനിമാശാലയുടെ പൂനെയിലെ ഫിലിം ആന്റ് ടെലിവിഷൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യയോടും കേരളത്തിലെ രാഷ്ട്രീയ സാമൂഹിക സവിശേഷതകളുടെ കൂടി ഭാഗമായുണ്ടായ ഫിലിം സൊസൈറ്റി പ്രസ്ഥാനങ്ങളോടുമാണ്.

അടൂർ തെളിച്ച വഴിയിലൂടെയാണ് മലയാള സിനിമ പിച്ചവെച്ചത്. സ്വയംവരം, കൊടിയേറ്റം, അനന്തരം, മതിലുകൾ, കഥാപുരുഷൻ, എലിപ്പത്തായം, എന്നിവയെല്ലാം പ്രത്യേകതയാണ്. മലയാള സിനിമയെ കേരളത്തിലേക്ക് പറിച്ചു നടുക എന്ന പ്രഖ്യാപിത ലക്ഷ്യവുമായി 1971 ൽ ആണ് തിരുവനന്തപുരത്ത് സംസ്ഥാന കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ രൂപീകരിക്കുന്നത്.

## മൂന്നാം കാലം

സമാന്തര സിനിമ കമ്പോളത്തെ ധിക്കരിക്കുകയും ഉച്ചപ്പടങ്ങൾ എന്ന പേരിൽ മറ്റൊരു വിപണി മൂല്യം നേടുകയും ചെയ്തതോടെ അതിന്റെ വാർപ്പുമാതൃകയിൽ കള്ളനാണയങ്ങളുണ്ടാവുകയും ചെയ്തതോടെ അവയോട് പ്രേക്ഷകർക്കുണ്ടായ സാമാന്യമായ അകലമാകണം, മുഖ്യധാരയെ മാറ്റി നിർത്താതെയുള്ള മൂന്നാമതൊരു താര തരംഗത്തിന്റെ ഉദയത്തിന് നിദാനമായത്. കലാമൂല്യത്തെ സമാന്തരമായി മാറ്റി നിർത്താതെ കച്ചവട സംസ്കാരത്തെ ചേർത്ത് പിടിക്കുന്ന തരം സിനിമകളായി അവ. എൺപതുകളുടെ രണ്ടാം പാതയിൽ വളർച്ചപ്രാപിച്ച അത്തരം സിനിമകളിലൂടെ ഒരു പറ്റം കറയറ്റ ചലച്ചിത്രകാരന്മാരും സാങ്കേതിക വിദഗ്ധരും താരങ്ങളും ഉദയം ചെയ്തു.

1976 ൽ സ്ഥാപിതമായ നവോദായുടെ ശ്രമഫലമായി ഇന്ത്യയിലെ ആദ്യത്തെ സിനിമാ സ്കോപ്പ് ചിത്രം തച്ചോളി അമ്പു, ആദ്യ 70 എം.എം. ചിത്രം പടയോട്ടം, ആദ്യ ത്രിഡി ചിത്രം മൈഡിയർ കുട്ടിച്ചാത്തൻ, രഞ്ജിത്ത് ശങ്കർ, വിനീത് ശ്രീനിവാസൻ, അഞ്ജലി മേനോൻ, അമൽ നീരദ് തുടങ്ങിയവരിലൂടെ ജനപ്രീയ മുഖ്യധാര കച്ചവടത്തിലൂന്നുമ്പോഴും കലാമൂല്യത്തിലും രൂപഭദ്രതയിലും വേറിട്ട പരീക്ഷണങ്ങൾ കാഴ്ചവയ്ക്കുന്നു.





സിസ്റ്റർ ജിനുമോൾ കെ മാത്യു
II B.A. Malayalam

# ആദ്യവിദ്യാലയം

ആദ്യാക്ഷരം കുറിച്ച എന്റെ വിദ്യാലയം
എന്നുമെൻ മനസ്സിൽ ഓർമ്മകൾ
തന്നിടുന്നു ഒരു തിരി വെട്ടം
വെളിച്ചത്തിന്റെ ആദ്യ തിരിനാളം
തെളിയിച്ച് തന്ന എൻ വിദ്യാലയമേ
ഹ! എത്ര സുന്ദരം നിൻ പാത
അറിവിന്റെ ആദ്യ തിരിനാളം
ഇന്നുമെൻ ഓർമ്മയിൽ തെളിയുന്നു
മറക്കുവാനില്ല എൻ പ്രിയരെ
സ്നേഹത്തിന്റെ സൗഹൃദത്തിന്റെ
കരം കോർത്ത് പിടിച്ച നാളുകൾ

ഓർത്ത് പുണരുന്നു ആ നൽനാളുകൾ
ഓർമ്മയിൽ സൂക്ഷിക്കാൻ
ഒരുപിടി ഓർമ്മകളുമായി
കടന്നു പോയ ആ നല്ല നാളുകൾ
പോയ കാലത്തിൻ നോവ് അറിയുന്നു
എൻ ഹൃദയം.










**Ananthu Saju**
**II B.Com Sf**

# Bluewhale and Addictions

Although invented with the aim of making life easier and convenient, the increasing use of smartphones and the internet by schooling children and teenagers is slowly exposing them to less important and more addictive things like cyber bullying and online photography, mental health experts have warned. Reports suggest that an increasing number of teenagers are being trapped into the deadly internet game bluewhale Challenge. A Google Trends report to of the 12 months shows a sharp spike in the number of searches related to the Bluewhale challenge in India. Smartphones are addictive in nature and the internet can be misused for games such as Blue Whale Challenge, pornography etc... Deepti Kukreja, Consultant Psychiatrist, Nanavati Super Specialty Hospital, Mumbai, told IANS.

The recent death of the 17 year old teenager, Satvik Pandey, who killed himself by jumping in front of a running train in Damoh in Madhya Pradesh, has been linked to the blue Whale Challenge. Accordimg to some friends of Pandey, he was quite Absorbed in the Blue Whale game for the past few days. A CCTV camera installed at a house near the railway tracks recorded the episode. The terror of Blue Whale has been a wake up call for all the parents and teachers. We as modern and educated adults need tomonitor, educate and sensitise children to the judicious use of smartphones inorder to avoid negative experience, Psychiatrist Mrinmay Das from jaypee Hospital, Noida Told IANS.

So widespread has been the impact of theBlue Whale Challenge that Fortis Healthcare recently launched a 24X7 helpline to provide psychological support to teenagers getting trapped in the macabre online game. The healpline 8376804102 is available



ആ മഴയിൽ കണ്ണുകൾ നിറഞ്ഞു തുളുമ്പി. പേശികൾ വല്ലാതെ വലിഞ്ഞു മുറുകി. ചിന്തകൾ വീണ്ടും താളം തെറ്റാൻ തുടങ്ങിയിരിക്കുന്നു. അപ്പച്ചനും അമ്മച്ചിയും മരിച്ച ശേഷം നാൽപ്പതുകാരൻ അനാഥ ഭ്രാന്തന് കൂടെയുണ്ടായിരുന്നത് ഈ കുട്ടനാടും ഇവിടുത്തെ ബന്ധങ്ങളുമായിരുന്നു. ആ ബന്ധങ്ങൾ ഇന്ന് നാമാവശേഷമായി മാറിയിരിക്കുന്നു. ജന്മനാട്ടിൽ അന്യനായിത്തീർന്നിരിക്കുന്നു താൻ. മനസ് കാണുവാൻ കൊതിച്ച പഴയ കുട്ടനാടൻ നന്മയുടെ കാൽപ്പാടുകൾ ഇന്നില്ല. ഓരോ ഇടങ്ങളിലും ആധുനികതയുടെ ശംഖൊലികൾ മാത്രം. തിരിച്ചു പോണം. നഗരമാണ് തനിക്ക് കൂടുതൽ അഭികാമ്യം. പക്ഷേ അതിന് മുമ്പ് ദേവിയെയും കുടുംബത്തെയും ദഹിപ്പിച്ചിരിക്കുന്ന ചുടലക്കാട്ടിൽ പോണം. അവർക്കുവേണ്ടി ശേഷക്രിയകൾ ചെയ്യണം. മജീദിന്റെയും കുടുംബത്തിന്റെയും മോക്ഷത്തിനായി പ്രാർത്ഥിക്കണം. ഇതൊക്കെ മതിയാകും ശേഷിക്കുന്ന കാലത്തിൽ ഈ ഒറ്റവൃക്ഷത്തിന് ജീവിക്കാൻ കണ്ണീർ തുടച്ചുകൊണ്ട് ഈ മദ്ധ്യവയസ്കൻ കാലടികൾ വീണ്ടും വച്ചു തുടങ്ങി .



# Trust With a Never Ending Sleep

Rasal Sabu
I M.A. English

The human , the sovereign creation of God endowed with diverse faculties . The human creature always strives towards glorious games, great success , and enormous wealth throughout their life . During this hectic journey they never mind their surroundings or the people and the seamy side ( negative ) of human life . They often ignore the most stable phenomenon of death that always waits to devour us . The people treat this cessation in different perspectives .

Great philosophers , scholars and thinkers or even some belongs to common folly pleasantly anticipate death throughout life . This group is very keen to receive death as a new beginning for which they perform all the virtuous deed throughout their life. We can see such a fact even in our literary works , irrespective of linguistic variations . For instance , the character named 'Kuriachan' in the novel 'Maranathinte Manamulla lla' by C . V . Balakrishnan pleasantly awaits his end . In this novel , he says that he can trust after his death.

Some people sought after death in order to escape from all the miseries, torches, pain and persecutions of life.They willingly embrace death as a path to attain liberation from the stigma, shame and silence of worldly life.According to this group death is a kind of sleep that gives solace to the tormented soul and body.

Nevertheless some refuses to commit self slaughter strictly on the basis of religion. The mysterious future or ignorance to the life after death also prevents them to commit such a self destruction. The play "Hamlet also laid down such a philosophy. The hero Hamlet himself says that no one endure the tyrannical treatment of ruler's rejection of love, the injustices and the unlawful denial of justice if they know the mysterious impact if death".

The recent decades show some kind of deteriorated tendencies towards this universal phenomenon.The people consider death as a kind of video game by which they play with physical body as well as the emotional appeal of their near and dear.The growth of science and technology and the flourish of globalization brought about new hazards to the world. Some games like Blue Whale produce psychological imbalances along with physical destruction.The spoke persons of such invention try to





Inflict trait into the inner psyche of the people and thus they break the equilibrium of the mind.


Along with the science and technologies the malicious motives of certain political classes impose a kind of disorder or destruction upon the society. Theyalways sort their vote bank politics for which the leaders creates their own scape goats.The phenomenon of power infiltrate into each and every corner of human life tamed by Foucault asks the 'micro physics of power. The spiteful interests of certain privileged class wipe out all the counter tendencies and emerging force by considering as a threat to the stability of the society.When we consider such kind of activities in our society, we realise that physical death is least important than mental destruction.

Occasionally, some are forced to live their career just like they forced to and their life.For instance, the writer Perumal Murugan has to sacrifice or rather he was forcefully left his writing career after the controversial book 'One Part Woman'. Even in society produces victims in a regular period of in order to promote their venomous principles. The society always wants to follow the established order which is explicitly the order of privileged sections.

All the attempts of restructuring the society is considered as the sub-version of the existing order. In other words the ruling class demonize the people who try to bring some changes in society. The authority always imposes graveyard silence upon those who possibly emerge against their will.

Let me conclude the most certainly of human life is not only the physical and but includes the mental destruction as well. The mental disordering or psychological breakdown is more cruel or brutal than physical decry. So, the educated people must inculcate the great values, embrace courage and avoid all the cowardice behaviour in order to breakdown all the chains of bondage and must create or light the new glory and bright future of this world.





# അഭയാർത്ഥികൾ

കുര്യൻ ടി. വടക്കേൽ
II B.A. English

ആരാണ് അഭയാർത്ഥികൾ?. ഈ ചോദ്യം കുറച്ചുനാളുകളായി സമൂഹത്തിന്റെ ഹൃദയത്തിൽ ഉയർന്നു തുടങ്ങിയിട്ട്. ലോകഹൃദയത്തെ നടുക്കുന്ന കാഴ്ച്ചകളും പലായനങ്ങളും മാധ്യമങ്ങളിൽ നിറഞ്ഞുതുടങ്ങിയപ്പോഴാണ് ലോകത്തിന്റെ ശ്രദ്ധയിൽ അഭയാർത്ഥികളും അവരുടെ പ്രശ്നങ്ങളും ഉൾപ്പെട്ടത്. അഭയാർത്ഥികൾ, അവർ ഒന്നുമില്ലാത്തവരല്ല, ഭൂമിയിലെ മറ്റുപല മനുഷ്യരെയും പോലെ തന്റേതായ ഒരു ജീവനും, ജീവനവും, ഉറ്റവരും, ഉടയവരും, കുടുംബവും, വീടും, നാടുമൊക്കെ ഉണ്ടായിരുന്നവരാണ്. എന്നാൽ തന്റേതെന്ന് അവർ കരുതിയതെല്ലാം പെട്ടെന്നൊരു ദിവസം നഷ്ടപ്പെട്ടതാണ്. സ്വന്തമായതെല്ലാം ത്യജിച്ച്, തന്റെ ജീവനും കൈയ്യിലേന്തി പലായനം ചെയ്യുന്നവരാണ് അഭയാർത്ഥികൾ. മറ്റൊരു യാത്രയെയും നമുക്ക് ഒരിക്കലും പലായനവുമായി താരതമ്യം ചെയ്യാനാകില്ല. മതത്തിന്റെയോ , വർഗത്തിന്റെയോ സാമൂഹ്യ രാഷ്ട്രീയ നിലപാടുകളുടെയോ, ദേശീയതയുടെയോ ഒക്കെ പേരിൽ സ്വന്തം രാജ്യത്തുണ്ടാകുന്ന പ്രശ്നങ്ങളിൽ നിന്ന് രക്ഷ തേടി മറ്റു രാജ്യങ്ങളിലേയ്ക്ക് ചേക്കേറുന്നവരാണ് അഭയാർത്ഥികൾ.

പലായനം എന്ന് പൊതുവെ പറയുന്ന അഭയാർത്ഥികളുടെ യാത്രയ്ക്ക് മൂന്ന് ഘട്ടങ്ങളുണ്ടെന്ന് സൂക്ഷ്മമായി പരിശോധിച്ചാൽ തിരിച്ചറിയാനാകും. സ്വന്തം വീടും നാടും ഉപേക്ഷിച്ച് യാത്ര തുടങ്ങുന്ന ആദ്യഘട്ടം. അഭയാർത്ഥി ക്യാംപിലെ ജീവിതമാകുന്ന രണ്ടാം ഘട്ടം, സ്വന്തം രാജ്യങ്ങളിലേയ്ക്കുള്ള മടക്കം അല്ലെങ്കിൽ പുതിയ സാഹചര്യങ്ങളുമായുള്ള ഇണങ്ങിച്ചേരൽ എന്ന മൂന്നാം ഘട്ടം. ഏതു ഘട്ടമാകട്ടെ ആ അഭയാർത്ഥി ജീവിതവും യാത്രയും ദുരിതപൂർ








ണം തന്നെ. അഭയാർത്ഥികളുടെ ചരിത്രമൊന്നു പരിശോധിക്കാം. രാജ്യത്തു നിന്നുള്ള വെല്ലുവിളികളിൽ നിന്നു രക്ഷ തേടാൻ മറ്റു ദേശങ്ങളിൽ അഭയം തേടുന്ന അഭയാർത്ഥികളുടെ ചരിത്രം പുരാതനമാണ്. പ്രാർത്ഥനാലയങ്ങളും പുണ്യ സ്ഥലങ്ങളുമാണ് ഇത്തരം അഭയാർത്ഥികൾക്ക് അഭയസ്ഥാനമായത്. എ.ഡി. ഏഴാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ ബ്രിട്ടണിലെ കെന്റ് എന്ന പ്രവിശ്യ ഭരിച്ചിരുന്ന എഥൽബെർട്ട് എന്ന രാജാവ് ആദ്യമായി അഭയാർത്ഥികൾക്കായി നിയമമുണ്ടാക്കിയതായി ചരിത്രം പരിശോധിച്ചാൽ മനസ്സിലാകും. രാജ്യങ്ങൾക്ക് ആധുനിക രൂപവും അതിർത്തിയും ഉണ്ടായതോടെ പാലായനങ്ങൾക്കും തടസ്സം നേരിട്ടു. ഇന്ന് അഭയാർത്ഥികൾക്ക് ഒരു രാജ്യത്തു നിന്നും മറ്റൊരു രാജ്യത്തയ്ക്ക് കടക്കാൻ രേഖകൾ ആവശ്യമായി മാറി. അഭയംതേടി ഏതു രാജ്യത്താണോ എത്തുന്നത് അവിടെ അഭയാർത്ഥി എന്ന സ്ഥാനത്തിനായി അപേക്ഷിക്കേണ്ടതായി വന്നു. അഭയാർത്ഥികൾ തോൽപ്പിക്കപ്പെട്ടവരാണ്. പ്രകൃതി ദുരന്തങ്ങളോ സാമൂഹിക രാഷ്ട്രീയ സാഹചര്യങ്ങളോ, സ്വന്തം പട്ടിണിയോടു തന്നെയും തോറ്റ് സ്വന്തം നാടുവിട്ട് ഓടേണ്ടി വരുന്ന ജനത. ഇന്ന് അഭയാർത്ഥികൾ ഏറെ ചർച്ചാവിഷയമാകുന്നു. ഏറ്റവും പുതിയ അഭയാർത്ഥി പ്രശ്നം റോഹിൻഗ്യൻ ജനതയുടേതാണ്. ഈ ഒരു ലേഖനം നിങ്ങൾ വായിക്കുന്ന സമയത്ത് വറെയും ലോക ജനതകൾ അഭയാർത്ഥികളായി മാറിക്കൊണ്ടിരിക്കുകയായിരിക്കും. റോഹിൻഗ്യൻ പ്രശ്നത്തിന് പുറകിൽ എപ്പോഴും കാരണമായി നിറയുന്ന വാക്ക് വംശഹത്യ എന്നാണ്. എന്താണ് വംശഹത്യ അല്ലെങ്കിൽ എത്നിക് ജീനോസഡ് ക്രൻസിങ്ങ്. മതവിശ്വാസത്തിന്റെയോ, ഭാഷയുടെയോ മറ്റു സാംസ്കാരിക പ്രത്യേകതകളുടെയോ പേരിൽ ഒരു വംശത്തിനെ തന്നെ കൃത്യമായ പദ്ധതികളോടെ ഇല്ലാതാക്കുന്നതിനെയാണ് വംശഹത്യ എന്ന് പറയുന്നത്. റോഹിൻഗ്യൻ ജനതകളുടെ കാര്യം എടുക്കാം. അവരെ ബംഗ്ലാദേശികളായിട്ടാണ് പല മ്യാൻമാറുകാരും കാണുന്നത്. അതിനാൽ തന്നെ അവരെ ഇല്ലാതാക്കണം എന്ന് പലരും കരുതുന്നു. അതിനാലാണ് റോഹിൻഗ്യകൾ പലായനം ചെയ്യുന്നതും. ഏറ്റവും പ്രസിദ്ധമായ വംശഹത്യ ജർമ്മൻഹോളോകോസ്റ്റ് തന്നെ. യഹൂദരെ നശിപ്പിക്കാനായി ജർമ്മനിയിലെ നാസി സർക്കാർ നടത്തിയ പ്രയത്നങ്ങളാണ് ജർമ്മൻ ഹോളോകോസ് എന്നറിയപ്പെടുന്നത്.

മ്യാൻമാറാണ് റോഹിൻഗ്യകളുടെ രാജ്യമെങ്കിലും ഇവർ മറ്റ് പല രാജ്യങ്ങളിലും അഭയാർത്ഥികളായിട്ടാണ് കഴിയുന്നത്. 1948 ൽ മ്യാൻമാർ സ്വതന്ത്രമായ ശേഷം, ഏകദേശം 15 ലക്ഷം റോഹിൻഗ്യകൾ നാടുവിട്ടോടി ബംഗ്ലാദേശ്, തായിലാന്റ്, മലേഷ്യ, പാകിസ്ഥാൻ, സൗദി അറേബ്യ, ഇന്ത്യ തുടങ്ങിയ രാജ്യങ്ങളിലെല്ലാം ഇത്തരത്തിൽ പാലയനം ചെയ്തെത്തിയ റോഹിൻഗ്യകളെ കാണാനാകും. 2,20,000 റോഹിൻഗ്യ അഭയാർത്ഥികൾ ബംഗ്ലാദേശിലെ അഭയാർത്ഥി ക്യാമ്പുകളിൽ കാണാൻ കഴിയും.

പല രാജ്യങ്ങളും പലായനം ചെയ്ത് എത്തുന്ന ഇത്തരം ജനതകളെ സ്വീകരിക്കാറുണ്ട്. സ്വീകരിക്കാനും, സ്വീകരിക്കാതിരിക്കാനും ആ രാജ്യത്തിന് അവാകാശമുണ്ട്. പല അഭയാർത്ഥികളെയും സ്വീകരിച്ച ഇന്ത്യയിൽ, എന്നാൽ റോഹിൻഗ്യകളെ സ്വീകരിക്കുന്നില്ല. അതിന് നിരത്തുന്ന കാരണം തീവ്രവാദി ബന്ധങ്ങളാണ്. ഇത്തരം ആട്ടിയോടിക്കപ്പെട്ട ജനതകൾ മിക്കവാറും അരക്ഷിതരും, പട്ടിണിയും പരിവട്ടവുമായി വലയുന്നവരുമായിരിക്കും. ഇത്തരം ജനസമൂഹത്തിനിടയിൽ തീവ്രവാദികളെ ഉണ്ടാക്കിയെടുക്കാൻ എളുപ്പമാണ്. ലോകമാകെ തീവ്രവാദികൾക്കും അവരുടെ സംഘടനകൾക്കുമെതിരെ പ്രവർത്തിക്കുമ്പോൾ എല്ലാവരും അഭയാർത്ഥി ജനതയെ രാജ്യസുരക്ഷയുടെ പേരിൽ അവരുടെ രാജ്യാതിർത്തികളിൽ തടയുന്നു.





**Aleena C Kappan**
II BSc Chemistry

# Why is HOPE so important?

Well, life is very difficult and we face many obstacles during our life time. One has to keep getting closer to those goals, amidst all the inevitable twists and turns of life. Hope allows people to approach problems with a mindset and strategy -set suitable to success, thereby increasing the chances they will actually accomplish their goals. Hope is a very necessary component of everyday life. We must never give up and never think that our goal is impossible or too hard to attain. Hence hope light to the darkest path of life. It will be one's guide on his or her path to happiness.







SPORTS DAY



Power lifting team



Weight lifting team

INTER COLLEGIATE T20 TOURNAMENT






# NSS


ANTI-DRUG DAY


CAMP








CHARITY






SEMINAR ON BIO DIVERSITY







# NCC


BAND TEAM OF NEWMAN NCC UNIT


HON.CHIEF MINISTER OF KERALA SRI PINARAI VIJAYAN INSPECTS THE GUARD OF HONUR IN CONNECTION WITH NCC DAY CELEBRATION


PASSSING OUT PARADE


YOGA DAY CELEBRATIONS


PLANTING SAPLINGS IN COLLEGE CAMPUS



LT. PRAGEESH C MATHEW RECEIVES THE AWARD FOR THE BEST NCC UNIT FROM AIR MARSHAL


INDEPENDENCE DAY RALLY


TRUCKING CAMP


CADET DONATING BLOOD



SHARE A BED PROGRAMME BY NCC UNIT


CADETS HELPING HANDICAPPED PATIENTS







**Pooja Raj K.B.**
II BSc Chemistry

# SUCCESS IS OURS

All you need in this life is ignorance and fidence, and then success is sure"-Mark Twain. No problem in this world can defy solution provided one has the will. There is n answer to every question, a way out of every trouble and a solution to every riddle. Nothing is impossible in this world that a man cannot achieve. The word impossible itself mean I am possible. Fortune favors the brave they say. It helps those who help themselves. It has been rightly said "Little strokes fell mighty oaks". Life is a playground on which winners play towards the goal, chase it and achieve it. Only dead fish are swept away with stream. But look at the flying kite, it often flies in the opposite direction of the wind. So stand up and begin to fight.

When Glenn Cunningham was seven years old, his legs were burned so badly that his doctors considered amputation. At the last minute they decided against it. One doctor patted Glenn's shoulder and said "when the weather turns warm, we will get in to a chair on the porch". Glenn replied "I don't want to sit. I want to walk and run, and I will'. Two years later Glenn was running. When Glenn went to college, his curricular activity was track events. Now he was running not to prove the doctors wrong but because he was good at it. Then came the Berlin Olympics Glenn not 30 only qualified but also broke the record for 1,500 meter race. The boy who was not supposed to walk became the world's fastest human. Failures being frustration pessimism, dejection and desperation. Hopes get dashed to the ground and dark clouds cast gloom all around. But a brave person, the optimist who have faith in his talents, ability, hard work and industry often sees a silver lining even in dark clouds. He analyses the cause of his failures tries to understand defects, which provides an opportunity to assess ones abilities and sharpen one's armory for a second assault. Positive attitude should be the basic approach to anything. If our attitude is not correct nothing else is right and we will lose even before we start. Enthusiasm add sparkle of self confidence in ourselves. It motivates us and our surroundings. Positive thinking always reflects in one's deed. Our life is but a long jurney. The traveler will have tomove on with all the ups and downs. He has to keep his destination always in mind. The motto " Never give up" should be the watch world. None but the traveler will know true joy of acheiving the distination. One should always Dare to try, Dare to fail, Dare to succeed.






Sidharth R. Vyloppilly
I BSc Mathematics

# THE AGE OF KILL FICS

Its a love that borders on obsession. Pandering to the ego , ignoring moderation., morphing into compulsion, spiraling out of control. Over period of time, technological advancements has given us new addiction disorders. Last two decades were known for computer addiction disorder and internet addiction disorders.

Smart phones have intruded into our daily life so much that without which we cannot survive. Many of today's generation smart phones are equipped with high resolution camera , we call it 'selfic camera'. Nowadays youngsters are so addicted to self portraits, that many of them are even courting danger to click selfies, that are edgy and risking their lives in the process. Killfics' are increasing, becoming a survive er bers 3 deadly reality and concern in India.

Doctors say that selfitis (selfie addiction) is a form of obsession compulsive disorder to ake one's own pictures and post them on social media and are broadly divided into three types: Border line(taking at least 3 photos every day but not posting them on social media), acute (taking at least three photos everyday and posting them) and chronic severe(taking at least 6 photos of one self everyday and posting them).

Why our youngsters are falling a prey to this selfie menace? The prominent reason is the lack of self-control among them. In addition to this, peer pressure, immaturity and inexperience also play a crucial rule. Researchers found that men are more likely prone to selficides than women. The majority were under the age of 24.

The most common cause of death worldwide was falling off a building or mountain, the second most common being hit by train, responsible for 11 deaths. Now, the question is how to get rid of selfie addiction? The most alternative to selfie addiction' is studying books of interest and knowledge. In addition, to keep body fit and healthy, active sport activities are best substitutes to kill boredom and build positivity within our personality Instead of trying to get your experiencoe of connection, power and self-worth from how many people like your photos, find a way that puts you in control. Find your experience of personal power by pushing through your fears and challenging yourself. Find your experience of self-worth by helping those who have less than you, and feel the expcrience of intimacy by forming deep, real and powerful connections with people The solution is not to stop taking selfies and posting them online, because that still leaves your desires unfulfilled. It is to fill those desires in other ways, so you no longer need anything from selfies, and their importance diminishes.









Aswanth Manoj
I BSc mathematics

# തോൽക്കാനോ മനസ്സില്ല കൗസല്യക്ക്

സ്വന്തം പിതാവ് അയച്ച വാടകഗുണ്ടകളുടെ വെട്ടേറ്റു തല പിളർന്നു നടുറോഡിൽ വീണ പെൺകുട്ടിയാണു കൗസല്യ. പ്രാണനെപ്പോലെ സ്നേഹിച്ചിരുന്ന ഭർത്താവ് വടിവാൾ മുനയിൽ പിടഞ്ഞു തീരുന്നതു കൺമുന്നിൽ കാണേണ്ടിവന്ന പെൺകുട്ടി. ജീവിതമെന്തെന്നു പഠിച്ചു തുടങ്ങുന്നതിനു മുമ്പേ ഒരായുസിന്റെ വേദന മുഴുവനായി മനസ്സിലും ശരീരത്തിലും അനുഭവിച്ചു തീർത്തവൾ.

വിശേഷണങ്ങൾ ഇങ്ങനെ ഒരുപാടുണ്ടെങ്കിലും, തോൽവി സമ്മതിച്ചു പിന്മാറിയവരുടെ പട്ടികയിലല്ല ഇന്നു കൗസല്യയുടെ സ്ഥാനം.

കൗസല്യ ഇന്നു തമിഴ്നാട്ടിലെ അറിയപ്പെടുന്ന സാമൂഹികപ്രവർത്തകയാണ്. ഡോ. ബി.ആർ. അംബേദ്കറിന്റെയും പെരിയോർ രാമസ്വാമി നായ്ക്കരുടെയും പാതയിലാണവരുടെ സഞ്ചാരം. നൂറ്റാണ്ടുകളായിട്ടും മാറ്റമില്ലാതെ തുടരുന്ന ജാതിവാദമാണ് എന്റെ ഭർത്താവ് ശങ്കറിനെ ഇല്ലാതാക്കിയത്. എന്റെ ജീവിതം തകർത്തുകളഞ്ഞത്. ജാതിയെ ഇല്ലാതാക്കാതെ ഈ നാട്ടിൽ മനുഷ്യനായി ജീവിക്കുക സാധ്യമല്ല കൗസല്യ പറയുന്നു.

2016 മാർച്ചിലാണ് ഏറെ വാർത്താപ്രാധാന്യം നേടിയ ഉദുമൽപേട്ട ദുരഭിമാനക്കൊല നടക്കുന്നത്. തേവർ സമുദായാംഗമായ കൗസല്യയെ പ്രണയിച്ചു വിവാഹം കഴിച്ച ദലിത് വിഭാഗത്തിൽപ്പെട്ട കള്ളർ സമുദായാംഗമായ ശങ്കറിനെ കൗസല്യയുടെ പിതാവ് ചിന്നസ്വാമി ഏർപ്പെടുത്തിയ വാടകഗുണ്ടകൾ വെട്ടിക്കൊലപ്പെടുത്തി. തലയ്ക്കും കൈകൾക്കും മാരകമായി മുറിവേറ്റ് കൗസല്യ ആഴ്ചകളോളം കോയമ്പത്തൂരിലെ ആശുപത്രിയിൽ കഴിഞ്ഞു.

പൊള്ളാച്ചിയിലെ എൻജിനീയറിങ്ങ് കോളേജിൽ സഹപാഠികളായിരുന്നു ശങ്കറും കൗസല്യയും. ഇവരുടെ പ്രണയം വീട്ടിലറിഞ്ഞതോടെ വഴക്കായി. കൗസല്യയും ശങ്കറും പഴനി പാദവിനായകം കോവിലിൽ വിവാഹിതരായി. എട്ടുമാസത്തിനുശേഷം കോളേജ്

ഡേയ്ക്ക് ധരിക്കാനുള്ള വസ്ത്രം വാങ്ങാൻ പോകുമ്പോഴാണു പൊതുസ്ഥലത്തു ശങ്കർ കൊല്ലപ്പെടുന്നതും കൗസല്യയ്ക്ക് വെട്ടേൽക്കുന്നതും. ഈ കേസിൽ കൗസല്യയുടെ പിതാവ് ചിന്നസ്വാമി ഉൾപ്പെടെ ആറു പേരെ കോടതി കഴിഞ്ഞ ദിവസം വധശിക്ഷയ്ക്കു വിധിച്ചു.

കുപ്പി നിറയെ വിഷവുമായി ഭർത്താവിന്റെ കുഴിമാടത്തിനു മുൻപിലെത്തി ജീവനൊടുക്കാൻ ശ്രമിച്ച ഭൂതകാലമുണ്ട് കൗസല്യയ്ക്ക്. പിന്നീട് , ആ കുഴിമാടത്തിൽ നിന്നു തന്നെയാണ് ജീവിതം തുടരാനുള്ള ഊർജ്ജം കൗസല്യ കൈക്കൊണ്ടതും.

വിധിയിൽ കരഞ്ഞും തപിച്ചും കാലം കഴിക്കാൻ കൗസല്യ ഒരുക്കമായിരുന്നില്ല. കൗസല്യ ഇന്ന് അനേകം ദലിത് സ്ത്രീകൾക്ക് അത്താണിയാണ്. മുടി പറ്റെ വെട്ടി നിർത്തി ടീഷർട്ടും ജീൻസും ധരിച്ചു തെരുവിലിറങ്ങി ജാതീയതയ്ക്കെതിരെ കൗസല്യ മുദ്രാവാക്യം വിളിക്കുന്നു.

ശങ്കറിന്റെ ഓർമ്മകളാണു തന്നെ ജീവിക്കാൻ പ്രേരിപ്പിക്കുന്നതെന്നു കൗസല്യ പറഞ്ഞു. ശങ്കറിന്റെ ദാരുണാന്ത്യമുണ്ടാക്കിയ ഏകാന്തത തരണം ചെയ്യാൻ കൗസല്യയെ സഹായിച്ചതു വായനയായിരുന്നു. അംബേദ്കറിന്റെയും പെരിയോർ രാമസ്വാമിയുടെയും പുസ്തകങ്ങളുടെ വലിയൊരു ശേഖരം കൗസല്യയുടെ പക്കലുണ്ട് . അതിൽ ചിലതെല്ലാം ശങ്കർ നേരത്തെ സമ്മാനിച്ചവ.

ദുരഭിമാനക്കൊലപാതകങ്ങൾക്കെതിരെ തെരുവിലിറങ്ങാൻ കൗസല്യ ഒട്ടും കാത്തിരുന്നില്ല. വിവിധ ദലിത് സംഘടനകളുമായും ജനാധിപത്യ മഹിളാ അസോസിയേഷൻ പോലുള്ള സംഘടനകളുമായും ബന്ധപ്പെട്ടു പ്രവർത്തനമാരംഭിച്ചു. സാമൂഹികപ്രവർത്തകരുമായുള്ള പരിചയവും സമ്പർക്കവും കൗസല്യയെ മറ്റൊരാളാക്കി മാറ്റി.

ശങ്കറിന്റെ ഓർമ നിലനിർത്താൻ ശങ്കർ തനിയർച്ചി മൺറം എന്ന സംഘടന ആരംഭിച്ചു. ദലിത് സ്തീകളെ സ്വയംപര്യാപ്തരാക്കുക, ദുരഭിമാനക്കൊലയ്ക്കിരയായവരുടെ കുടുംബങ്ങളെ സംരക്ഷിക്കുക തുടങ്ങിയവയാണു ലക്ഷ്യം. ദുരഭിമാനക്കൊലയ്ക്കെതിരെ തമിഴ്നാട്ടിലെമ്പാടും പ്രചാരണപ്രവർത്തനങ്ങളും നടത്തുന്നു. സംഘടനയിൽ കോയമ്പത്തൂർ ഉദുമൽപേട്ട കേന്ദ്രീകരിച്ചാണു പ്രവർത്തനം. ഇതിനിടെ ബിരുദപഠനത്തിനും ചേർന്നു. വാദ്യോപകരണങ്ങളും കരാട്ടെയും അഭ്യസിച്ചു.

സർക്കാർ ജോലിയിൽ നിന്നു ലഭിക്കുന്ന വരുമാനം കൊണ്ടു ശങ്കറിന്റെ പിതാവ് വേലുച്ചാമിയും രണ്ടു സഹോദരങ്ങളുമടങ്ങുന്ന കുടുംബത്തെയും പോറ്റുന്നു. ഇപ്പോൾ ഉദുമൽപേട്ടയ്ക്കടുത്ത ഹോസ്റ്റലിലാണു താമസം.

മാസത്തിലൊരിക്കൽ ശങ്കറിന്റെ വീട്ടിലെത്തും. പലരിൽ നിന്നായി കിട്ടിയ സഹായം ഉപയോഗിച്ച് ശങ്കറിന്റെ പഴയ ഒറ്റമുറി വീട് കൗസല്യ മാറ്റിപ്പണിതു. അടച്ചുറപ്പുള്ള വീട് ശങ്കറിന്റെ എക്കാലത്തെയും സ്വപ്നമായിരുന്നു.

നാനത്വത്തിലേകത്വം എന്ന ആശയം മുറുകെപിടിക്കുന്ന ഭാരതീയ സംസ്കാരത്തിന് ജാതിയുടേയും മതത്തിന്റെയും പേരിലുള്ള ഇത്തരം അതിക്രമങ്ങൾ എന്നും ഒരപമാനമാണ്. വികസനത്തിന്റെയും പുരോഗതിയുടേയും നേട്ടങ്ങളുടെ വമ്പുപറയുന്ന ഭരണാധികാരികൾ പലപ്പോഴും ഇത്തരം സംഭവങ്ങൾ ശ്രദ്ധിക്കാറില്ല. തകർക്കപ്പെട്ട ജീവിതത്തിൽ നിന്ന് ഉയിർത്തെഴുന്നേറ്റ് പുതിയൊരു ജീവിതം നയിക്കുന്ന കൗസല്യ ഇവരുടെ മുൻപിൽ ഒരു വെല്ലുവിളി ഉയർത്തുന്നു.







# तु लड्की है

Ans Mariya Xavier
III B.A. English

किसीने बचपन में, शायद दादी होगी
लडकी होने की नियमाँ सीटी बाजाती नहीं
किसी को रुलाता नहीं अकेले बाहर जाते नही
अनाज उठाकर शेर मचाते नहीं
उठने का सपना दखना नहीं
पर जरूर तुझे अंधेरे से भी डरना है
सारी दुनिया का खयाल रहना ही चाहिए
शेयद उन्होने ये कहना भूल गया होगा
मुझे करना है ये सब
पालन करना है इस शासन को
जब तक...
जब तक किसीने मझे पर सीटी बजाना नही।
किसी ने मुझको रुलाता नहीं।

दुनिया मुझे अकेलापन का एहसन देता नहीं।
जब तक, ये समान मेरी मुँह हमेशा के लिए बंधा करते नहीं।
मेरी सपनों का पंख काटते नहीं।
याद रखना,
ये दुनिया न बदलेगी कभी
तुझे बदलना हागा
तू सूरज की रोपनी हैं
तू अधेरे से नहीं
अधेरा तुझसे डरना चाहिए
तुझे झक्ति की आवश्यकता नही हैं
तू ही परमशाका हो।
तू लड्की हैं
तुझे लड्का बनने की जरूरत न हैं



Interview

# നിശ്ചയദാർഢ്യത്തോടെ...

**സ്വപ്നം കാണുക, സ്വപ്നം കാണുക, സ്വപ്നം കാണുക.**
**ഡോ.എ.പി.ജെ അബ്ദുൾ കലാം എന്ന മഹത് വ്യക്തിയുടെ വാക്കുകളാണിവ.**
**അതെ, സ്വപ്നങ്ങൾ ചിന്തകളിലേയ്ക്കും ചിന്തകൾ പ്രവർത്തനത്തിലേയ്ക്കും നയിക്കും. സ്വപ്നസാക്ഷാത്കാരത്തിനു തങ്ങളുടെ പരിമിതികൾ ഒരു തടസ്സമല്ല എന്ന് ജീവിതത്തിലൂടെ തെളിയിച്ച പ്രതിഭാശാലികൾ എത്രയേറെ!.**
**ഭിന്നശേഷിക്കാരൻ എന്ന് സമൂഹം വിധിയെഴുതിയെങ്കിലും തന്റെ സ്വപ്നത്തിന്റെ ചിറകുകൾ വിടർത്തി പറക്കാൻ അവയൊന്നും ഒരു തടസ്സമേയല്ല എന്ന് തെളിയിച്ച ഇടുക്കി, തട്ടക്കുഴ സ്വദേശി സജി തോമസുമായി ഒരു കൂടിക്കാഴ്ച്ച.**

*പേര്, സജി തോമസ്. ഇടുക്കിയിലെ തട്ടക്കുഴയിൽ ഒരു കൊച്ചു രണ്ടു മുറി വീട്. താങ്ങും തണലുമായി ഭാര്യ മരിയയും മകൻ ജോഷ്വയും. വെറും ഏഴാം ക്ലാസ്സ് വിദ്യാഭ്യാസം മാത്രമുള്ള സജി തോമസ്, സ്വന്തമായി വിമാനം നിർമ്മിക്കുകയും പറത്തുകയും ചെയ്തു. ബധിരനും മൂകനുമായ തൊടുപുഴ തട്ടക്കുഴ അഴകനാലിൽ സജി തോമസിന്റെ ജീവിതമാണ് 2017 ക്രിസ്തുമസ്സിനു പുറത്തിറങ്ങിയ വിമാനം എന്ന സിനിമയ്ക്കു ആധാരമായത്. ചിറകുകൾ വിടർത്തി പറക്കാൻ അതിയായി ആഗ്രഹിക്കുന്ന ആ പ്രതിഭാശാലിയുമൊത്ത് കുറച്ച് സമയം.*

**ചോ:** താങ്കളുടെ ജീവിതകഥയിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട് വിമാനം എന്ന സിനിമ പുറത്തിറങ്ങിയിരിക്കുന്നു. എന്തു തോന്നുന്നു?

ഉ: ഒരു സാധാരണക്കാരൻ എന്ന നിലയിൽ, ഒട്ടും പ്രതീക്ഷിക്കാതെ എന്റെ ജീവിതത്തിൽ ഉരുത്തിരിഞ്ഞ ഒരു സംഭവം ആണ് അത്. ഒരിക്കലും പ്രതീക്ഷിച്ചിരുന്നില്ല. എന്റെ ഈ ചെറിയ സ്വപ്നങ്ങൾ, ഒരു സിനിമയ്ക്ക് വേണ്ട പ്രമേയം ഒരുക്കുമെന്ന്. ഏതൊരു വ്യക്തിയ്ക്കും സന്തോഷം പ്രദാനം ചെയ്യുന്ന ഈ വസ്തുത, എന്നെയും അതിയായി സന്തോഷിപ്പിക്കുന്നു.

ചോ: വിമാനം നിർമ്മിക്കുക എന്നത് സ്വപ്നമാക്കാൻ തുടങ്ങിയത് എങ്ങനെ? അതിനു പ്രചോദനമായതെന്ത്?

ഉ: ചെറുപ്പം മുതലേ ഇലക്ട്രോണിക്സ് മേഖലയോടു വലിയ കമ്പമായിരുന്നു എനിക്ക്. ഇലക്ട്രോണിക്സ് ഉപകരണങ്ങളൊക്കെ റിപ്പയർ ചെയ്യുമായിരുന്നു ഞാൻ. 1987 എനിക്ക് 17 വയസ്സുള്ള കാലം. അന്നെന്റെ കുടുംബം വെള്ളിയാമറ്റത്ത് ആയിരുന്നു താമസം. റബ്ബർമരത്തിനു തുരിശടിക്കാൻ എത്തിയ ഹെലികോപ്ടർ എന്നെ വളരെയധികം ആകർഷിച്ചു. കുറേ നേരം അടുത്ത് ചെന്ന് നോക്കി നിന്നു. മനസ്സിൽ കുറിച്ചിട്ടു. എനിക്കും അതുപോലൊന്ന് നിർമ്മിക്കണമെന്ന്.അങ്ങനെ ഉള്ളിലെ ആഗ്രഹം പ്രാവർത്തികമാക്കാൻ തീരുമാനിച്ചു. ഉണ്ടായിരുന്ന പരിമിതമായ അറിവുവെച്ച്, ഹെലികോപ്ടറിന്റെ ഒരു ചെറിയ മാതൃക നിർമ്മിച്ചു. പിറ്റേ വർഷം, മരുന്നടിക്കാൻ ഹെലികോപ്ടർ വന്നപ്പോൾ, നിർമ്മിച്ച മാതൃക, ആ പൈലറ്റുമാരെ കാണിച്ചു കൊടുത്തു. ഇതിൽ താത്പര്യം തോന്നിയ പൈലറ്റുമാർ എനിക്കതിൽ പറക്കാനുള്ള അവസരവും നൽകി.

ചോ: പിന്നീട് സ്വന്തമായി ചെയ്യാൻ ആരംഭിച്ചു. അല്ലേ?

ഉ: അതെ. സ്വന്തമായി അതുപോലൊരു ഹെലികോപ്ടർ ഉണ്ടാക്കണമെന്നായിരുന്നു പിന്നീട് മനസ്സ് മുഴുവൻ. അങ്ങനെ 1990 മുതൽ ഹെലികോപ്ടർ നിർമ്മാണം തുടങ്ങി. നിന്നിടത്ത് നിന്ന് പൊങ്ങുന്ന ഹെലികോപ്ടർ നിർമ്മിക്കുക എന്നത് വളരെ പണച്ചെലവേറിയതാണെന്ന് മനസ്സിലായി. സാമ്പത്തിക ബുദ്ധിമുട്ടുകൾ നന്നേ വലച്ചിരുന്നതിനാൽ വിമാനത്തിലേയ്ക്കായി പിന്നീട് മനസ്സിന്റെ ശ്രദ്ധ. ഇതിനെക്കുറിച്ച് കൂടുതൽ മനസ്സിലാക്കാനായി അന്ന് ഹെലികോപ്ടറും കൊണ്ട് വന്ന പൈലറ്റുമാരെ തേടി ബോംബയിലെത്തി. വിമാന നിർമ്മാണത്തെക്കുറിച്ചും പ്രവർത്തനങ്ങളെക്കുറിച്ചും വിശദീകരിക്കുന്ന കുറച്ചു പുസ്തകങ്ങളുമായി തിരികെ നാട്ടിലേയ്ക്കു തിരിച്ചു. ഇംഗ്ലീഷിൽ ആയിരുന്നു ആ പുസ്തകങ്ങൾ മുഴുവൻ. മനസ്സിൽ അത്രയധികം ആഗ്രഹിച്ചതിനാലാവാം, വെറും ഏഴാം ക്ലാസ്സ് വിദ്യാഭ്യാസം മാത്രമുള്ള ഞാൻ ഏറെ പണിപ്പെട്ട് ആ പുസ്തകങ്ങൾ വായിച്ചെടുത്തു. അങ്ങനെ, വിമാന നിർമ്മാണവുമായി മുന്നോട്ട് പോകാൻ തീരുമാനിച്ചു.

ചോ: സ്വപ്നം യാഥാർഥ്യമാക്കാൻ കുടുംബാംഗങ്ങളുടെയും സുഹൃത്തുക്കളുടെയും പിന്തുണ ആവശ്യമാണ്. അതേക്കുറിച്ച് എന്താണ് പറയാനുള്ളത്?


ഉ: ശക്തമായ ആഗ്രഹവുമായി മുന്നോട്ടുപോകുകയായിരുന്ന എന്റെ ജീവിതത്തിലേക്ക് 2000ലാണ് മരിയ കടന്നുവരുന്നത്. എന്റെ ഏറ്റവും വലിയ സഹായി. അവൾ നൽകുന്ന പിന്തുണ, എന്റെ സ്വപ്നങ്ങൾക്ക് നിറം കൂട്ടുകയാണ് ചെയ്തത്. അങ്ങനെ, 2005ൽ വിമാനനിർമ്മാണം പൂർത്തിയായി. എന്നാൽ അത്



*വിമാനത്തിന്റെ പ്രൊപ്പല്ലറുമായി*

പറക്കാതായതോടെ, കോട്ടയം മറ്റക്കര വിശ്വേശ്വരയ്യ എഞ്ചിനീയറിങ് കോളേജിൽ വിറ്റു. അതിൽ നിന്നും ലഭിച്ച പണം കൊണ്ട് നല്ലൊരു എഞ്ചിൻ വാങ്ങി. എന്നാൽ വളരെ ചെലവേറിയതാണ് എന്റെ സ്വപ്നം എന്ന തിരിച്ചറിവ് , എങ്ങനെയെങ്കിലും അധ്വാനിച്ച് പണം കണ്ടെത്താൻ എന്നെ പ്രേരിപ്പിച്ചു. അങ്ങനെ ഫോട്ടോഗ്രാഫറിന്റെയും ഇലക്ട്രോണിക്സ് റിപ്പയറിന്റെയും ജോലികൾ ചെയ്യാൻ തുടങ്ങി. അപ്പോഴും ഉള്ളിന്റെ ഉള്ളിലെ ആഗ്രഹം ദിനംപ്രതി വർധിച്ചുവരുകയാണ് ഉണ്ടായത്. വിമാനം നിർമ്മിക്കണം. പറക്കണം. ഇതായിരുന്നു മനസ്സിലെ ചിന്ത. പിന്നീട് നാവികസേന വിങ് കമാൻഡർ, എസ്.കെ ജെ നായരെ പരിചയപ്പെട്ടു. എന്റെ പരീക്ഷണങ്ങൾക്കു മികവേകാൻ സഹായിച്ച മഹത് വ്യക്തി.

അങ്ങനെ, 2009 ഓടെ വീട്ടുമുറ്റത്തു തന്നെ വിമാനത്തിന്റെ നിർമ്മാണം ആരംഭിച്ചു.മരം വിലയ്ക്കു വാങ്ങി അറുത്തെടുത്ത് സ്വന്തമായി തന്നെ ലക്ഷങ്ങൾ വിലവരുന്ന വിമാനത്തിന്റെ പങ്ക നിർമ്മിച്ചു. വിമാനത്തിന്റെ ചിറകുകൾ പൊതിയാൻ അമേരിക്കൻ നിർമിത സെയിൽ ക്ലോത്ത് തന്നെ വേണമായിരുന്നു. അതിനു ഏകദേശം മൂന്നര ലക്ഷം രൂപ ചിലവായി. അലുമിനിയം പട്ടകൾ നിശ്ചിത അളവിൽ മുറിച്ചെടുത്ത് നട്ടും ബോൾട്ടും പിടിപ്പിച്ച് വിമാനത്തിന്റെ ബോഡി



*ശ്രീ.എ.കെ.ജി.നായർക്കൊപ്പം*

യുണ്ടാക്കി. ഫൈബർ ഗ്ലാസ് മെറ്റീരിയലുപയോഗിച്ച് വിമാനത്തിന്റെ ഫ്രണ്ട് ബോഡിയും നിർമ്മിച്ചു. അങ്ങനെ 30 ലക്ഷത്തിനു മുകളിൽ വിലവരുന്ന എക്സ് എയർ വിമാനം അഞ്ചു വർഷംകൊണ്ട് 13 ലക്ഷം രൂപയ്ക്ക് നിർമ്മിക്കാനായി.

ചോ: ലക്ഷ്യം പറക്കണം എന്നാണല്ലോ? വിമാനത്തിന്റെ പരീക്ഷണപറക്കൽ എങ്ങനെയായിരുന്നു?

ഉ: നിർമ്മിച്ച വിമാനം പറക്കുമോ എന്ന് ശരിക്കും സംശയമുണ്ടായിരുന്നു.എസ് കെ.ജെ നായരുടെ സഹായത്തോടെ ആ സംശയവും ദൂരീകരിച്ചു. അങ്ങനെ വിമാനം പല ഭാഗങ്ങളായി അഴിച്ച് മണിത്താറിലേക്കു കൊണ്ടുപോയി. ഒടുവിൽ, പരീക്ഷണ പറക്കൽ ചെയ്യാൻ ഉള്ള തയ്യാറെടുപ്പ്. ദൈവത്തോട് ഉള്ളുരുകി പ്രാർഥിച്ചു. വിജയിച്ചു. അങ്ങനെ, 2014 ഏപ്രിൽ 10ന്, എന്റെ അഞ്ചു വർഷത്തെ പ്രയത്നത്തിന്റെ സന്തോഷം ആസ്വദിച്ചു. ആദ്യം കമാൻഡർ സാറും പിന്നെ ഞാനും വിമാനം പറത്തി. എന്നാൽ വിമാനത്തിന്റെ രജിസ്ട്രേഷൻ എടുക്കാനുള്ള സാമ്പത്തിക പ്രശ്നം മൂലം, ആ പ്രവർത്തനം അവിടെവെച്ച് നിർത്തി.

ചോ: ഈ വിജയം,സിനിമയിലൂടെ സമൂഹത്തിന്റെ മുന്നിലേക്ക്. അല്ലേ?എന്നാൽ എബി എന്ന സിനിമയും താങ്കളുടെ ജീവിത കഥയിൽ നിന്ന് പ്രലോഭനം ഉൾക്കൊണ്ട് ആണ് നിർമിച്ചത് എന്ന് പറയപ്പെടുന്നു.

എന്താണ് ഇതേ കുറിച്ചുള്ള അഭിപ്രായം?

ഉ: വിമാനത്തിന്റെ പരീക്ഷണ പറക്കൽ വിജയിച്ചതറിഞ്ഞ് ആദ്യം വന്നത് എബിയുടെ അണിയറ പ്രവർത്തകരാണ്. കഥ വിശദമായി ചോദിച്ചറിയുകയും ,തിരക്കഥ വരെ എത്തുകയും ചെയ്തു. എന്നാൽ ഇടയ്ക്കു വെച്ചു സിനിമ നിന്ന് പോയി. ഇതേക്കുറിച്ചു അന്വേഷിച്ചപ്പോൾ, ഇനി സിനിമ ഉണ്ടാകാൻ സാധ്യതയില്ല എന്ന മറുപടി ആണ് ലഭിച്ചത്. പിന്നീട് ഒരു വർഷം കഴിഞ്ഞാണ് വിമാനം എന്ന സിനിമയുമായി പ്രദീപ് എം. നായർ എന്ന സംവിധായകൻ എത്തിയത്. ഇത് ചൂടേറിയ ചർച്ചയിലേക്ക് നയിച്ചു. ഒടുവിൽ വിമാനത്തിന്റെ പ്രമേയത്തിനു എബിയുമായി സാമ്യമില്ല എന്ന് പറഞ്ഞു പ്രശ്നം പരിഹരിക്കുകയായിരുന്നു.

ചോ: അച്ഛന്റെ സ്വപ്നങ്ങൾ മകനും ഏറ്റെടുക്കുകയാണല്ലേ?ജോഷ്വയെക്കുറിച്ച് ?

ഉ: ജോഷ്വ മുതലക്കോടം സെന്റ് ജോർജ് ഹയർ സെക്കന്ററി സ്കൂളിൽ പ്ലസ് വൺ വിദ്യാർത്ഥി ആണ്. ജില്ലാ തല ശാസ്ത്ര മത്സരത്തിൽ അവൻ പങ്കെടുത്തു. സ്വന്തമായി നിർമ്മിച്ച ഡ്രോണുമായി. എഞ്ചിനീയറിംഗ് പഠിക്കണം എന്നാണു ആഗ്രഹം. എനിക്ക് എല്ലാവിധ സഹായവുമായി അവൻ എപ്പോഴും കൂടെ ഉണ്ട്.

ചോ: ഇനിയും സാക്ഷാത്കരിക്കാൻ ആഗ്രഹിക്കുന്ന സ്വപ്നങ്ങൾ എന്തൊക്കെ ആണ്?

ഉ: റിമോട്ടുകൊണ്ട് നിയന്ത്രിക്കുന്ന ആളില്ല ചെറു വിമാനവും ഹെലികോപ്ടറും നിർമ്മിക്കുകയാണ് ഇപ്പോൾ. എന്നാൽ ഞങ്ങളുടെ ഏറ്റവും വലിയ സ്വപ്നം സ്വന്തമായി ഒരു വീട് നിർമിക്കുക എന്നതാണ്. മാത്രമല്ല,ഒരു സ്ഥിര വരുമാനം എന്ന നിലയിൽ ഒരു ജോലിയും അത്യന്താപേക്ഷിതം ആണ്. 2016ൽ ജർമൻ കമ്പനിയിൽ മികച്ച ശമ്പളത്തോടെ ജോലി ലഭിച്ചിരുന്നു. എന്നാൽ ചില പ്രതികൂല സാഹചര്യങ്ങളാൽ അത് ഉപേക്ഷിക്കേണ്ടി വന്നു. ദൈവത്തോട് പ്രാർത്ഥിക്കുന്നു. സ്വപ്നങ്ങൾ സാക്ഷാത്കരിക്കാൻ ഉള്ള സഹായത്തിനായി.

തന്റെ പരിമിതികളെ മറികടന്ന് കഠിനാധ്വാനത്തിന്റെ മധുരം നുകർന്ന് സ്വപ്നസാക്ഷാത്കാരത്തിനായി സശ്രദ്ധം മുന്നോട്ടു നീങ്ങുകയാണ് സജി ചേട്ടൻ. ഈ പ്രതിഭാശാലിയുമായുള്ള കൂടിക്കാഴ്ച വളരെ പ്രചോദനാത്മകമായിരുന്നു. തോൽക്കാൻ ഞാൻ തയ്യാറല്ല എന്ന് ജീവിതത്തിലൂടെ കാണിച്ചു തന്ന പ്രതിഭ. സജി ചേട്ടന്റെ ഭാര്യ മരിയചേച്ചി ഞങ്ങളോട് പറയുകയുണ്ടായി ; ഒരു പക്ഷേ കേൾവിശക്തിയുണ്ടായിരുന്നെങ്കിൽ,സജി ചേട്ടന് തന്റെ സ്വപ്ങ്ങളുമായി മുന്നോട്ടു പോകാൻ കഴിയുമായിരുന്നില്ലെന്. കാരണം, അത്രമാത്രം പരിഹാസങ്ങളും കുത്തുവാക്കുകളും ഈ കുടുംബത്തിനു കേൾക്കേണ്ടി വന്നിട്ടുണ്ട്. എന്നാൽ ആ പരിഹാസങ്ങളെ ഒക്കെ ചെറുത്തു തോൽപ്പിക്കാനുള്ള ശക്തമായ പിന്തുണയുമായി മരിയ ചേച്ചിയും ജോഷ്വയും സജി ചേട്ടനൊപ്പം നിൽക്കുന്നു. സ്വപ്നങ്ങളുടെ ചിറക് വിടർത്തി പറക്കാൻ. നിങ്ങൾക്കു ചെയ്യുവാൻ കഴിയില്ലെന്ന് മറ്റുള്ളവർ പറയുന്ന കാര്യം ചെയ്യുന്നതാണ് ജീവിതത്തിലെ ഏറ്റവും വലിയ സന്തോഷം എന്ന്, സജി തോമസ് തന്റെ ജീവിതമാകുന്ന പാഠപുസ്തകത്തിലൂടെ തെളിയിച്ചിരിക്കുന്നു.




*സജിക്കും കുടുംബാംഗങ്ങൾക്കുമൊപ്പം*









Jini Varghese



# Congratulations to Our University Rank Holders 2017/18

I Rank



**Gopika M.**
**B.Sc Botany**

I Rank



**Krishna Haridas**
**B.Sc Botany**

II Rank



**Nithin Joseph**
**B.Sc Botany**

III Rank



**Riya Rose George**
**B.Sc Botany**

II Rank



**Bismi Ibrahim**
**B.A Malayalam**

IX Rank



**Anitta Matthew**
**B.A Malayalam**

III Rank



**Bibina Vimala Babu**
**B.Sc Zoology**

IV Rank



**Anju Treesa Jose**
**B.Sc Chemistry**

IV Rank



**Navya Biju**
**B.Sc Physics**

VIII Rank



**Neenu Jose**
**B.Sc Mathematics**

X Rank



**Anjana Krishnankutty**
**B.Com**

III Rank



**Jipsa Joseph**
**M.Sc Chemistry**

IV Rank



**Ashly George**
**M.A Economics**

## Best Outgoing Student



Vishnu Somarajan
III B.Com






# യൂണിയൻ റിപ്പോർട്ട് 2017-2018

❝2017-18 കലാലയ വർഷത്തെ ന്യൂമാൻ കോളേജ് യൂണിയന്റെ പ്രവർത്തന റിപ്പോർട്ട്. 2017 ആഗസ്ത് മാസം 22-ാം തിയതി മാർ മാത്യു പോത്തനാംമുഴി ഹാളിൽ വെച്ച് കോളേജ് പ്രിൻസിപ്പാൾ റവ. ഡോ. വിൻസന്റ് നെടുങ്ങാട്ടിന്റെയും വൈസ് പ്രിൻസിപ്പൽ റവ.ഡോ.മാനുവൽ പിച്ചളക്കാട്ടിന്റെയും ബർസാർ ഫാ.തോമസ്. പുവത്തിങ്കലിന്റെയും സ്റ്റാഫ് അഡ്വൈസർ പ്രൊഫ. കെ.പി.ബെന്നിയുടെയും നേതൃത്വത്തിൽ കോളേജ് യൂണിയൻ ഭാരവാഹികളായി താഴെ പറയുന്നവരെ തിരഞ്ഞെടുത്തു.

| | |
|---|---|
| ചെയർമാൻ | - ഡിയോൺ കുര്യാക്കോസ് |
| വൈസ് ചെയർപേഴ്സൺ | - ദേവി ആർ.ചന്ദ്രൻ |
| ജനറൽ സെക്രട്ടറി | - അരവിന്ദ് എ.എസ്. |
| യു.യു.സി | - അശ്വിൻ ബാബു |
| | ജിഷ്ണു ഷാജൻ |
| ആർട്സ് ക്ലബ് സെക്രട്ടറി | - ടോമിൻ പി. ജോൺ |
| മാഗസിൻ എഡിറ്റർ | - റെക്സിമോൾ മാത്യു |
| സ്പോർട്സ് ക്ലബ് സെക്രട്ടറി | - ലിസ്മോൾ ജോസി |
| ലേഡി റെപ്രസെന്റിറ്റീവ് | - അരുണിമ ബൈജു |
| | ബിസ്മി ഷുക്കൂർ |
| ഫസ്റ്റ് ഡിഗ്രി റെപ്രസെന്റിറ്റീവ് | - റോജർ കുഞ്ചെറിയ |
| സെക്കന്റ് ഡിഗ്രി റെപ്രസെന്റിറ്റീവ് | - ചന്ദന മോഹൻ |
| പി.ജി. റെപ്രസെന്റിറ്റീവ് | - അസ്മിൽ ജോയി |

## സത്യപ്രതിജ്ഞ

ആഗസ്റ്റ് മാസം 25 ാം തിയതി മാർ മാത്യു പോത്തനാംമുഴി ഹാളിൽ വെച്ച് നടന്ന ചടങ്ങിൽ ചെയർമാൻ ഡിയോൺ കുര്യാക്കോസിന്റെ നേതൃത്വത്തിൽ യൂണിയൻ ഭാരവാഹികൾ സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റു. സ്റ്റാഫ് അഡ്വൈസറായി പ്രൊഫ. കെ.പി. ബെന്നി നിയമിതനായി. ചടങ്ങിൽ എല്ലാ ക്ലാസ് റെപ്രസെന്റിറ്റീവ്സും പങ്കെടുത്തു

## ഓണാഘോഷം

ആഗസ്റ്റ് മാസം 3-ാം തിയതി കോളജിൽ ഓണാഘോഷം സംഘടിപ്പിച്ചു. പൂക്കളമത്സരം, വിവിധ ഓണാഘോഷ കളികൾ എന്നിവ വളരെ ഭംഗിയായി നടത്തുവാൻ സാധിച്ചു.

## യൂണിയൻ ഉദ്ഘാടനം

ഈ വർഷത്തെ കോളജ് യൂണിയന്റെ ഉദ്ഘാടനം സെപ്റ്റംബർ മാസം 20-ാം തിയതി ഓഡിറ്റോറിയത്തിൽ വെച്ച് നടത്തപ്പെട്ടു. ഇടുക്കി എം പി അഡ്വ.ജോയ്സ് ജോർജ് യൂണിയന്റെ ഉദ്ഘാടനം നിർവഹിച്ചു. ചടങ്ങിൽ പൂമരം സിനിമയുടെ പ്രവർത്തകർ പങ്കെടുത്തു. കോളേജ് യൂണിയൻ ചെയർമാൻ ഡിയോൺ കുര്യാക്കോസ് അധ്യക്ഷത വഹിച്ച യോഗത്തിൽ പ്രിൻസിപ്പാൾ റവ. ഡോ വിൻസന്റ് നെടുങ്ങാട്ട്, സ്റ്റാഫ് അഡ്വൈസർ പ്രൊഫ. കെ.പി ബെന്നി എന്നിവർ പ്രസംഗിച്ചു.

## കേരളപ്പിറവി ദിനാഘോഷം

വ്യത്യസ്തമായ രീതിയിൽ ഈ വർഷത്തെ പ്രവർത്തനം നടത്താൻ കോളേജ് യൂണിയന് സാധിച്ചു. യൂണിയന്റെയും വുമൺ എംപവർമെന്റ് സെല്ലിന്റെയും സംയുക്താഭിമുഖ്യത്തിൽ വിദ്യാർത്ഥികൾക്കായി മലയാളി മങ്ക, കേരള കേസരി എന്നീ മത്സരങ്ങൾ നടത്തപ്പെട്ടു.

## വടം വലി

ഡിസംബർ മാസം 11-ാം തീയതി യൂണിയന്റെയും സ്പോർട്സ് ക്ലബ്ബിന്റെയും സംയുക്താഭിമുഖ്യത്തിൽ വടം വലി മത്സരം ബാസ്കറ്റ് ബോൾ ഗ്രൗണ്ടിൽ വച്ച് നടത്തുകയുണ്ടായി

## സ്പോർട്സ്

ഈ വർഷത്തെ കായിക മേള ഡിസംബർ മാസം 13-ാം തീയതി നടത്തി. തിളക്കമാർന്ന മാർച്ച് പാസ്റ്റോടെ തുടക്കം കുറിച്ച കായികമേളയുടെ ഉദ്ഘാടനം ദ്രോണാചാര്യ തോമസ് മാഷ് നിർവ്വഹിച്ചു. നിരവധി വിദ്യാർത്ഥികൾ വിവിധ കായിക മത്സരങ്ങളിൽ പങ്കെടുത്ത് സമ്മാനാർഹരായി.

## നാടകോത്സവം

ഡിസംബർ മാസം 16-ാം തീയതി തൊടുപുഴയിൽ വച്ച് നടന്ന നാടകോത്സവത്തിൽ കോളേജ് ടീമിനെ പങ്കെടുപ്പിക്കാനും അതിനു അവരെ പ്രാപ്തരാക്കുവാനും കോളേജ് യൂണിയന് സാധിച്ചു .

## മുദ്ര 2018

ഈ വർഷത്തെ ആർട്സ് ഫെസ്റ്റ് ഡിസംബർ 19 ,20 തീയതികളിൽ നടന്നു. കോളേജ് പ്രിൻസിപ്പാൾ റവ.ഫാ. ഡോ.വിൻസെന്റ് നെടുങ്ങാട്ട് ഉദ്ഘാടനം നിർവ്വഹിച്ചു. തുടർന്ന് അരങ്ങിലും അണിയറയിലുമായി നിരവധി വിദ്യാർത്ഥിനി-വിദ്യാർത്ഥികൾ മാറ്റുരച്ചു. എക്കാലത്തേതിൽ നിന്നും വ്യത്യസ്തമായി വിദ്യാർത്ഥികളുടെ പരാതികൾ പരിഹരിക്കാൻ ഒരു കമ്മിറ്റിയുണ്ടാക്കാനും സാധിച്ചു.

## ക്രിസ്തുമസ് ആഘോഷം

ഡിസംബർ മാസം 22-ാം തീയതി വളരെ വർണ്ണഗംഭീരമായി ക്രിസ്തുമസ് ആഘോഷം നടത്താൻ കോളേജ് യൂണിയന് സാധിച്ചു.

## ഫുഡ് ഫെസ്റ്റ്

വുമൺ എംപവർമെന്റ് സെല്ലിന്റെയും കോളേജ് യൂണിയന്റെയും സംയുക്താഭിമുഖ്യത്തിൽ ജനുവരി 9ന് നടത്തിയ ഫുഡ് ഫെസ്റ്റ് മുൻ വർഷങ്ങളിലേക്കാൾ വ്യത്യസ്ത വിഭവങ്ങൾ കൊണ്ട് മികവേറിയതായി.

## ന്യൂമാൻ റ്റി-20 ക്രിക്കറ്റ് കപ്പ്

ഫെബ്രുവരി മാസം 19 മുതൽ 22 വരെ സ്പോർട്സ് ക്ലബ് സെക്രട്ടറി ലിസ് മോൾ ജോസി യുടെ നേതൃത്വത്തിൽ കോളേജിൽ സംഘടിപ്പിച്ച ന്യൂമാൻ 20 20 ഇന്റർകോളേജ് ക്രിക്കറ്റ് ടൂർണമെന്റിൽ ആവേശകരമായ പ്രകടനം കാഴ്ചവെച്ചുകൊണ്ട് ന്യൂമാൻ കോളേജ് ടീം കപ്പ് നേടുകയും ചെയ്തു.

## ദിക്ഷ 2018

ഈ വർഷത്തെ കോളേജ് ഡേ ദിനാഘോഷ പരിപാടികൾ 2018 ഫെബ്രുവരി 28 തിയതി കോളേജ് ഓഡിറ്റോറിയത്തിൽ നടത്തിയിരുന്നു. ഇര ടീം ഉദ്ഘാടനം നിർവഹിച്ചു.

## എംജി കലോത്സവം (അശാന്തം)

മാർച്ച് ഒൻപതു മുതൽ നടന്ന എം.ജി യൂണിവേഴ്സിറ്റി കലോത്സവത്തിൽ വിവിധ പരിപാടികളിൽ വിദ്യാർത്ഥികളെ പങ്കെടുപ്പിക്കാൻ യൂണിയന് സാധിച്ചു. വിവിധയിനങ്ങളിലായി കോളേജിൽ നിന്നും പങ്കെടുത്ത വിദ്യാർത്ഥികൾക്ക് മികച്ച വിജയം നേടാനായി.

ചുരുങ്ങിയ ഈ കാലയളവിൽ ചെയ്തുതീർത്ത കാര്യങ്ങളിൽ അഭിമാനത്തോടും എന്നാൽ വന്നുപോയ വീഴ്ചകൾ സമ്മതിച്ചുകൊണ്ടും എല്ലാവർക്കും എല്ലാവിധ ആശംസകളും പ്രാർഥനയും നേർന്നുകൊണ്ട് ഈ പ്രവർത്തന റിപ്പോർട്ട് പ്രിൻസിപ്പാൾ, ഗുരുജനങ്ങൾ, സഹപാഠികൾ മുമ്പാകെ സമർപ്പിച്ചു കൊള്ളുന്നു"

സ്നേഹപൂർവ്വം
**അരവിന്ദ് എ.എസ്.**
ജനറൽ സെക്രട്ടറി

## നന്ദി....

പ്രിയ സുഹൃത്തുക്കളേ,
വിദ്യാർത്ഥികളുടെ
കലാവാസനകളെ
പ്രദർശിപ്പിക്കുന്ന
കോളേജ് മാഗസിൻ
പൂർണ്ണ വിജയത്തിലെത്തിക്കാൻ
പ്രാർത്ഥിച്ച ഞങ്ങളെ
സഹായിച്ച് കൂടെ
തോളോട് തോൾ
ചേർന്ന് കൂട്ടായ
പ്രവർത്തനത്തിലൂടെ
സേവനം അനുഷ്ഠിച്ച
എല്ലാ നല്ല മനസ്സുകൾക്കും
സ്നേഹത്തിന്റെ ഭാഷയിൽ
നന്ദിയുടെ പൂച്ചെണ്ടുകൾ
അർപ്പിക്കുന്നു.

സ്നേഹത്തോടെ,
റെക്സിമോൾ മാത്യു
മാഗസിൻ എഡിറ്റർ




# Newman College

Thodupuzha, Idukki(Dist), Kerala- 685584, India
(Re-accredited by NAAC with A Grade &
affiliated to MG University, Kottayam)
Ph: 04862 222686(off)229797(Principal), 222486(Bursar)
E-mail: newmancollegethodupuzha@gmail.com
Url:www.newmancollge.ac.in